വേദപ്രചാര

മദ്ധ്യസ്ഥൻ



പ്രസ്ഥാനം ഫാൻസ്വാ ജനവരി മുക്കാൽ ൽ.

Liscence No. 183.

M. A. RAPHAEL

വിഷയവിവരണിക

1. പുൽക്കൂട്ടിലെ ഉണ്ണി. (പദ്യം)
   ശ്രീമാൻ മാപ്പിളക്കുന്നേൽ മത്തായി മാപ്പിള.
2. മഹാത്മാവായ മാർ യൌസേപ്പിന്റെ ജീവചരിത്രം
   നി. വ. ദി. ശ്രീ. ച. ത്ര. പെത്രാനച്ചന്റെ തിരുമന
   (സ്സുകൊണ്ടു്.
3. സാക്ഷാത്തായ പുനരൈക്യം.
   പത്രാധിപർ.
4. മരിച്ചവക്കുവേണ്ടി ജീവിച്ചിരിക്കുന്നവർ പ്രാർത്ഥിക്ക
   (ണമോ?
   ശ്രീമാൻ എൻ. എക്സ് കുയ്യൻ ബി. എ. ബി. എൽ.
5. ഒരുമതഭോജനം.
   റവ. ഫാദർ അഗസ്റ്റിൻ ചങ്ങനാശേരി.
6. അകത്തോലിക്കർ ചെയ്യേണ്ടതു്.
   ശ്രീമാൻ എം. ഒ. ജോസഫ് നെടുംകുന്നം
7. വിദ്യാർത്ഥികളോടു്.
   ശ്രീമാൻ വെട്ടുങ്കാട്ടു സി. ജോസഫ്.
8. ദൈവത്തിനറിയാം എന്റെ പേരു്.
   റവ. ഫാദർ പയസ്സു് സി. ഡി.
9. ഞങ്ങൾക്കും കത്തോലിക്കരാകണം.
   റവ. ഫാദർ കളം, കാവാലം
10. റഷ്യയിലെ യുവജനങ്ങൾ
11. വാർത്താസംഗ്രഹം.
12. മരണവാർത്തകൾ.
13. ഉപകാരസ്മരണകൾ.
14. കയ്പേരിക്കായ്യും.
15. പരസ്യങ്ങൾ.
16. പഞ്ചാംഗം.

മദ്ധ്യസ്ഥൻ.

പുസ്തകം ൧൨. } ൧൯൨൬ ജനുവരി { ലക്കം ൧.

പുൽക്കൂട്ടിലെ ഉണ്ണി.

(ശ്രീമാൻ മാപ്പിളക്കുന്നേൽ മത്തായിമാപ്പിള.)

൧. വിണ്ണിൽ രാതവലംവെടഞ്ഞുന്മദയംഗോശാലയിൽ ജ്വതനായ്
ണ്ണിച്ചുണ്ടമുള്ളുക്കിയുംമുട്ടുകുത്താംഭോജങ്ങളുംകാൽകളും
കുന്നിക്കുംകുതുകാൽകുടഞ്ഞുമുലയുണ്ടീടാനുതുടങ്ങുന്നനൽ
പൊന്നുണ്ണി! തവപാദപത്മമടിയൻകുമ്പിട്ടുകുമ്പുന്നിതാ.

൨. കന്യാസ്ത്രീമണികൾക്കുപൊൻമകുടമായ് വാഴുന്നകന്യാംബയാം
പുണ്യശ്രീമതി മേരിതൻറെജംരേവുൽ ക്രൂട്ടിലുൽഭ്രതനായ്
മിന്നുംചന്ദ്രികയിൽകിടന്നുകുളിരാൽമെല്ലെക്കുഞ്ഞീടുമെൻ
പൊന്നുണ്ണി! തവപാദപത്മമടിയൻകുമ്പിട്ടുകുമ്പുന്നിതാ.

൩. മന്നിൽപാപവലയ്ക്കുകത്തുവലയുംമർത്ത്യരക്ഷാർത്ഥമാ
യന്യനപ്രതിപത്തിയോടുബെതലേംഗോശാലയിൽജാതനായ്
കന്യാസ്ത്രീമണിമേരിതൻറെമടിയിൽതാലോലമാടുന്നൊരീ
പൊന്നുണ്ണി! തവപാദപത്മമടിയൻകുമ്പിട്ടുകുമ്പുന്നിതാ.

൪. വന്നെത്തുന്നജപാലവൃന്ദമളവിൽചെയ്യുന്നശുശ്രൂഷയാ—
ലാനന്ദംമനതാരിനുള്ളവിധമായുണ്ണിക്കുരാബ്ജങ്ങളെ
മിന്നുംചന്ദ്രികയെന്നപോലെവിലസുംവായോടണച്ചീടുമെൻ
പൊന്നുണ്ണി! തവപാദപത്മമടിയൻകുമ്പിട്ടുകുമ്പുന്നിതാ—

൫. മൂന്നാളെങ്കിലുമേകദൈവനിലയാംശ്രീതേവദാരീയൻസ്വയം
കണ്ണിൽക്കണ്ടൊരുതച്ചനുംമറിയമാംകന്യാവിനുംപുത്രനായ്
ഹീനതേവനവശ്രയത്തൊഴുത്തിലിതുപോൽമേവുന്നതെന്തത്ഭുതം
പൊന്നുണ്ണി! തവപാദപത്മമടിയൻകുമ്പിട്ടുകുമ്പുന്നിതാ.

മഹാത്മാവായ മാർ യൗസേപ്പിന്റെ

ജീവചരിത്രം.

അദ്ധ്യായം ൧൨

വി. യൌസേപ്പിന്റെ മരപ്പണിശാല.

൧. പുതിയപണിമുറി:— ദേവാലയത്തിൽ പലപ്രാവശ്യം പോയി നമസ്ക്കരിക്കണമെന്നുള്ള ആഗ്രഹംനിമിത്തം നമ്മുടെ യൌസേപ്പ് ഓറശലം ദേവാലയത്തിനു സമീപമായ ഒരു വീട്ടിൽ ഒരു ചെറിയമുറി വാടകയ്ക്കുപിടിച്ചു, അവിടെ തന്റെ സ്ഥിരവാസമുറപ്പിച്ചു. കിടക്കമുറി, പണിമുറി, ഭക്ഷണമുറി, പ്രാർത്ഥനമുറി, സൽക്കാരമുറി, പാചകമുറി, വില്പനമുറി, ഇവയെല്ലാം യൌസേപ്പിനു ഒരു മുറിതന്നെയായിരിക്കത്തക്കവണ്ണം അത്ര ദാരിദ്ര്യസ്ഥിതിയിലാണു് അവനു കഴിച്ചുപോന്നതു്. പള്ളിയിൽ പോകുന്നതിനോ, ഭക്ഷണസാധനങ്ങൾ ചന്തയിൽനിന്നു വാങ്ങിക്കുന്നതിനോ, അല്ലാതെ പ്രസ്തുതമുറിയിൽനിന്നു യൌസേപ്പു് വെളിക്കു സഞ്ചരിച്ചിരുന്നില്ല. അപ്പവും സസ്യഫലങ്ങളും മാത്രമായിരുന്നു അവന്റെ പ്രധാനഭക്ഷണം. അവന്റെ മരപ്പണി വളരെ വിശേഷവും, പണിക്രമം വളരെ നിസ്സാരവുമായിരുന്നതിനാൽ, യൌസേപ്പുശാരിക്കു ധാരാളം ജോലികിട്ടിയിരുന്നു. അവൻ പണിക്രമം ഒരിക്കലും ചോദിച്ചിട്ടില്ല; പണിയുടെ ആവശ്യക്കാരൻ എന്തുകൊടുക്കുമോ അതുകൊണ്ടു പൂർണ്ണമായി തൃപ്തിപ്പെട്ടിരുന്നു. അതും അവൻ സ്വീകരിച്ചിരുന്നതു് ദാനമായി ലഭിച്ചാലെന്നതുപോലെ അത്യനന്ദിയോടും ഉപചാരത്തോടുംകൂടിയാണു്. ഇങ്ങനെ കിട്ടുന്നപണത്തിന്റെ മുക്കാൽപങ്കും അവൻ പള്ളിയ്ക്കു ഭിക്ഷുക്കൾക്കോ കൊടുത്തിരുന്നു. ദൈവത്തിന്റെ പ്രത്യേക അനുഗ്രഹം കൊണ്ടാണല്ലൊ തനിക്കു മരപ്പണി വശമായതെന്നു് അവൻസദാ സ്മരിക്കുകയും തന്നിമിത്തം തന്റെ

പണിയുടെ ആദായം ദൈവത്തിനു കൊടുക്കേണ്ടതാണെന്നു അവൻ വിശ്വസിക്കുകയും ചെയ്തിരുന്നു. ആയതിനാലത്രെ പള്ളിക്കും പാവപ്പെട്ടവക്കും മേൽപ്രകാരം ദിവസേന ദാനം ചെയ്തിരുന്നതു്. ഇങ്ങനെ ധർമ്മംചെയ്യുന്നിമിത്തം പണികിട്ടാത്ത ദിവസങ്ങളിൽ മിക്കവാറും പട്ടിണിയായിരുന്നു നമ്മുടെ യൌസേപ്പിന്റെ അനുഭവം. എന്നാൽ അന്നദാതാവായ ദൈവംതന്റെ വാത്സല്യസേവകൻ വിശപ്പുകൊണ്ടു തളരാറാകുമ്പോൾ, ഏതാനും വൃദ്ധകളുടെ ഹൃദയത്തിൽ അവനോടു് അനുകമ്പ തോന്നിച്ചു് അവനു അപ്പവും മറുവിശേഷ ഭക്ഷണസാധനങ്ങളും അവരെക്കൊണ്ടു കൊടുപ്പിക്കുമായിരുന്നു.

സാക്ഷാൽ പുനരൈക്യം.

(പത്രാധിപർ)

സഭകളുടെ പുനരൈക്യത്തെപ്പറ്റിയുള്ള പ്രസ്താവനകളും ഇക്കാലത്തു് അകത്തോലിക്കരുടെ പത്രപങ്തികളിലും പ്രസംഗമണ്ഡപങ്ങളിലും നിന്നു് ധാരാളം പ്രതിധ്വനിക്കാറുണ്ടു്. എന്നാൽ അവരുടെ അഭിപ്രായങ്ങളുംകത്തോലിക്കരുടെഅഭിപ്രായങ്ങളും തമ്മിൽ അജഗജാന്തരമുണ്ടെന്നു പ്രസ്താവിക്കാതെ തരമില്ല. ലോകരക്ഷകനായി അവതരിച്ച യേശുക്രിസ്തുവിനാൽ സ്ഥാപിക്കപ്പെട്ട ഏക സത്യസഭ ഇടക്കാലത്തു് നിർഭാഗ്യവശാൽ ഛിന്നഭിന്നമായിപ്പോയി എന്നും ഈ സഭകളും എല്ലാംതന്നെ വിവിധങ്ങളായ അബദ്ധങ്ങളിൽ അകപ്പെട്ടുപോയി എന്നും, ഈ തെറ്റുകളെ തിരുത്തി, കഴിയുന്നത്ര വേഗത്തിൽ സഭകളുടെ പുനരൈക്യം സകലർക്കും അഭിമാനകരമായ രീതിയിൽ നിർവഹിക്കേണ്ടതാണെന്നും അത്രെ അകത്തോലിക്കു് ചിന്തകന്മാർ അഭിപ്രായപ്പെടുന്നതു്. എന്നാൽ ഈദൃശമായ പുനരൈക്യം എങ്ങനെയാണു് സാധിക്കേണ്ടതു്, എപ്പോഴാണു സാധിക്കേണ്ടതു് എന്നിങ്ങനെയുള്ള ഗൌരവതരമായ ചോദ്യങ്ങൾക്കു് അവർ യാതൊരു സമാധാനവും പറഞ്ഞുകാണുന്നില്ല താനും.

ഈ അഭിപ്രായത്തിൽ അടങ്ങിയിരിക്കുന്ന ചില പ്രധാന യുക്തിഭംഗങ്ങളേയും ദൈവദൂഷണപരമായ അനുമാനങ്ങളേയും ഇവിടെചൂണ്ടിക്കാണിക്കേണ്ടതായിട്ടുണ്ട്. സാക്ഷാൽ ദൈവസുതനും സർവ്വല്ലഭനുമായ മിശിഹാ തമ്പുരാൻ, ലോകരക്ഷാർത്ഥം സ്ഥാപിച്ചിട്ടുള്ള സഭ, ഏഴാമത്തെ സുന്നഹദോസു് കഴിഞ്ഞു് പാശ്ചാത്യമെന്നും പൌരസ്ത്യമെന്നും രണ്ടു വിഭാഗങ്ങളായി തീർന്നുവെന്നും, പന്ത്രാം നൂറ്റാണ്ടിൽ പാശ്ചാത്യസഭ, റോമൻ കത്തോലിക്ക എന്നും പ്രോട്ടസ്റ്റൻറു് എന്നും രണ്ടായി വിഭജിക്കപ്പെട്ട എന്നും പറയുന്നതു് സാക്ഷാൽ ദൈവദൂഷണപരംതന്നെയാണു്. സഭ ഒന്നായിരിക്കണമെന്നുള്ള മിശിഹാതമ്പുരാൻറെ ആഗ്രഹത്തേയും പ്രാർത്ഥനയേയും വിശദീകരിക്കുന്ന അനേക ഭാഗങ്ങൾ വേദത്തിൽ കാണാവുന്നതാണു്. വിശുദ്ധ യോഹന്നാൻറെ സുവിശേഷം ൧൭-ാം അദ്ധ്യായം ൧൧-ാം വാക്യത്തിൽ മിശിഹാ പ്രാർത്ഥിക്കുന്നതു്:—"പരിശുദ്ധനായ പിതാവെ! നീ എനിക്കു തന്നിരിക്കുന്ന ഇവർ നമ്മേപ്പോലെ ഒന്നാകേണ്ടതിനു് നിൻറെ നാമത്തിൽ അവരെ കാത്തുകൊള്ളേണമേ" എന്നാണു്. പുത്രൻറെ ഈ പ്രാർത്ഥന പിതാവു നിർവഹിച്ചുകൊടുത്തു എന്നുള്ളതിനേപ്പറ്റി നമുക്കു സംശയിക്കുവാൻ പാടുള്ളതല്ലല്ലൊ. ലോകരക്ഷാമാർഗ്ഗമായ ഈ ഏക സത്യസഭയുടെമേൽ ഇശോമിശിഹായുടെ പരിപാലനവും സംരക്ഷണവും ലോകാവസാനം വരെ ഉണ്ടായിരിക്കുമെന്നുള്ളതിനു് വേദപുസ്തകത്തിലെ പലഭാഗങ്ങളും സാക്ഷ്യം വഹിക്കുന്നുണ്ടു്. "ആകയാൽ നിങ്ങൾ പുറപ്പെട്ടു് പിതാവിൻറെയും പുത്രൻറെയും പരിശുദ്ധാത്മാവിൻറെയും നാമത്തിൽ ജ്ഞാനസ്നാനം കൊടുത്തു്, ഞാൻ നിങ്ങളോടു കല്പിച്ചതൊക്കെയും ആചരിപ്പാൻ ഉപദേശിച്ചുകൊണ്ടു്, സകല ജാതികളേയും പഠിപ്പിക്കുവിൻ; ഞാൻ ലോകാവസാനം വരെ എല്ലാക്കാലവും നിങ്ങളോടുകൂടി ഉണ്ടു്" എന്നു് വിശുദ്ധ മത്തായി രേഖപ്പെടുത്തിയിരിക്കുന്ന ഭാഗം ഇവിടെ പ്രത്യേകം ഓർത്തിരിക്കേണ്ടതാണു്. ഇപ്രകാരം ക്രിസ്തുവിനാൽ സ്ഥാപിതമായ ഏക സത്യസഭ, ക്രിസ്തുവിൻറെ സവിശേഷ പരിരക്ഷണത്തിൽ സദാകാലവും ഇരിക്കുന്ന സത്യസഭ, ഇടക്കാലത്തു് ഛിന്നഭിന്നമായിപ്പോയി എന്നു പറയുന്നതിൽ

യുക്തിഭംഗത്തിനാണോ ദൈവനിന്ദയ്ക്കാണോ കൂടുതൽ സ്ഥാനമെന്നു് ആക്കു പറയുവാൻ കഴിയും? അതുകയാൽ ഇതിൽ നിന്നു് ന്യായമായി ഊഹിക്കേണ്ടതു് ദൈവത്തിന്റെ ഏകസത്യസഭ അതിന്റെ സ്ഥാപനകാലം മുതൽ ഇന്നുവരെ അവിച്ഛിന്നമായി ദൈവപരിപാലനയാൽ കാത്തുരക്ഷിക്കപ്പെട്ടുവരുന്നു എന്നാണു്. അതുകയാൽ ഈ ഏക സത്യസഭയെ കണ്ടറിഞ്ഞു്, ആ സഭയുമായി പുനരൈക്യപ്പെടേണ്ടതു് അന്യ "സഭ"കളുടെ ധർമ്മമാണെന്നു മനസ്സിലാക്കുന്നതാണല്ലൊ. ഇതാണു് സാക്ഷാത്തായ പുനരൈക്യം.

ഇപ്പോൾ ഭൂമുഖത്തു കാണുന്ന വിവിധ ക്രിസ്തീയസഭകളിൽ ഏതാണു് മിശിഹാ തമ്പുരാന്റെ ഏക സത്യസഭയെന്നാണു് ഇനിയും പരീക്ഷിച്ചു നോക്കേണ്ടതു്. ഇപ്പോൾ ഭൂമുഖത്തു കാണുന്ന പ്രധാന സഭകൾ, റോമൻകത്തോലിക്കു് സഭ, അകത്തോലിക്കു് പൌരസ്ത്യ സഭകൾ, പ്രോട്ടസ്റ്റന്റു സഭകൾ എന്നിവയാണു്. ഇവയിൽ ഓരോന്നും ക്രിസ്തുവിന്റെ ഏക സത്യസഭയുമായി എത്രകണ്ടു യോജിക്കുന്നു എന്നു നോക്കുക തന്നെ.

ആദ്യമായി അകത്തോലിക്കു് പൌരസ്ത്യ സഭകളുടെസ്ഥിതി പര്യാലോചിക്കാം. ഇവയ്ക്കു് വിശ്വാസവിഷയത്തിൽ ഏറെക്കുറെ ഐകരൂപ്യമുണ്ടു്. എന്നാൽ അതിനുള്ള പ്രധാന കാരണങ്ങൾ രണ്ടാണു്; ഒന്നു് പൌരസ്ത്യരുടെ യാഥാസ്ഥിതികത്വവും മറ്റൊന്നു് പൌരസ്ത്യ സഭകളുടെ നിർജ്ജീവാവസ്ഥയുമാണു്. ആദ്യത്തെ ഏഴു സുനഹദോസുകൾ കഴിയുന്നതുവരെയെല്ലാതെ ഈ പൌരസ്ത്യ സഭകളിൽ വിശ്വാസ സംബന്ധമായി യാതൊരു തീരുമാനവും ഉണ്ടായിട്ടില്ലത്രെ. ഇതു് ആ സഭകളുടെ ഒരുമാഹാത്മ്യമായി ഒരിക്കലും ഗണിക്കുവാൻ പാടുള്ളതല്ല. ലോകരക്ഷാർത്ഥം ലോകാവസാനം വരെ ജനങ്ങളെ പഠിപ്പിക്കുന്നതിനായിട്ടാണല്ലോ മിശിഹാതമ്പുരാൻ തന്റെ സഭയെ സ്ഥാപിച്ചിട്ടുള്ളതു്. എന്നാൽ ദൈവിക സഭയുടെ ഈ കടമ ഏഴു സുനഹദോസുകഴിഞ്ഞപ്പോൾ അവസാനിച്ചുപോയി എന്നു വരുന്നതല്ലല്ലൊ. സജീവവും ഈശപ്രേരിതവുമായ സത്യസഭയ്ക്കു് ലോകത്തെ പഠി

പ്പിക്കേണ്ട ചുമതല സദാകാലവും ഉണ്ടായിരിക്കേണ്ടതാണു്. അ
ങ്ങനെ ചെയ്യാത്ത സഭകൾ സാക്ഷാൽ തായിത്തടിയുടെ ഐക്യ
ത്തിൽനിന്നു് ഛേദിക്കപ്പെട്ട നിർജ്ജീവ ശാഖകൾ മാത്രമാണു്.
നിർജ്ജീവശാഖകൾ വളരുക പതിവില്ലല്ലൊ. വിശ്വാസവിഷ
യത്തിൽ അകത്തോലിക്കു് പൌരസ്ത്യ സഭകൾക്കു നാമമാത്ര
മായ ഐക്യമുണ്ടെന്നുവരികിലും ഭരണവിഷയങ്ങളിൽ അവയ്ക്കു്
ഒട്ടുംതന്നെ ഐക്യമില്ലെന്നു കാണാവുന്നതാണു്. പൌരസ്ത്യ
സഭകൾ ഇപ്പോൾ റഷ്യൻ സഭ, ഗ്രീക്കുസഭ, സെർബ്യൻസഭ, റൂ
മേനിയൻ സഭ, ബൾഗേറിയൻ സഭ, എന്നിങ്ങനെ ഛിന്നഭിന്ന
മായി പരസ്പര ബന്ധമില്ലാതെ സ്ഥിതിചെയ്യുന്നതോർത്താൽ ക്രി
സ്തുവിന്റെ ഏക സത്യസഭ അവിടെ എങ്ങുമല്ലെന്നു് അൽപ്പം വേ
ഗത്തിൽ മനസ്സിലാക്കാവുന്നതാണു്.

ഇനിയും പ്രോട്ടസ്റ്റൻറു് സഭയെ അതുകൊണ്ടാടെയോ, അതി
ന്റെ പ്രധാന വിഭാഗമായ ആംഗ്ലിക്കൻ സഭയെ പ്രത്യേകമായോ
സൂക്ഷ്മാവലോകനം ചെയ്യുന്ന പക്ഷം അവിടെയും ക്രിസ്തുവിന്റെ
ഏക സത്യസഭയുടെ ലക്ഷണങ്ങൾ കാണുവാൻ സാധിക്കുന്നതല്ല.
വിശ്വാസസംബന്ധമായ ഐക്യം പ്രോട്ടസ്റ്റൻറു് സഭയിൽ
ഒട്ടുംതന്നെ ഇല്ല. ആംഗ്ലിക്കൻ സഭയിലെ വിശ്വാസമെന്താണെ
ന്നു തീർച്ച പറയുവാൻ ഒരുത്തനും സാധിക്കുകയില്ല. ഇപ്പോൾ ഇം
ഗ്ലീഷ് പ്രോട്ടസ്റ്റൻറുകാരുടെ ഇടയിൽ ആംഗ്ലോ കത്തോലിക്കർ,
ആധുനികന്മാർ, ഇവാൻജലിക്കൽ കക്ഷികൾ എന്നിങ്ങനെ വി
ശ്വാസപരമായ മൂന്നു കക്ഷികളുണ്ടു്. ഈ മൂന്നുകക്ഷികളും ത
മ്മിൽ പ്രധാന വിശ്വാസ വിഷയങ്ങളിൽപോലുമുള്ള വ്യത്യാസം
അത്യത്ഭുതകരമാണെങ്കിലും അവരെല്ലാം ആംഗ്ലിക്കൻ സഭയിലെ
അംഗങ്ങളാണത്രേ! യേശുക്രിസ്തു ദൈവമല്ലെന്നും മറ്റും നിർഭയം പ
ഠിപ്പിക്കുന്ന ഒരുവൈദിക വിദ്യാലയാധ്യക്ഷനേയോ, ഒരുവൈ
ദിക മേലദ്ധ്യക്ഷനെ തന്നെയോ ഇന്നു് ആംഗ്ലിക്കൻ സഭയിൽ
കാണാൻ വിഷമമില്ല. ഇനിയും ഭരണകാര്യം സംബന്ധിച്ചു നോ
ക്കുന്ന പക്ഷം, ഒരു ജാതീയ സഭയായ ആംഗ്ലിക്കൻ സമൂഹത്തി
ന്റെ ഭരണം ഇംഗ്ലണ്ടിലെ നാനാജാതി മതസ്ഥരടങ്ങിയ ഒരു ലൗ

കിക നിയമനിർമ്മാണ സമിതിക്കധീനപ്പെട്ടാണിരിക്കുന്നതെന്നോ ക്കുമ്പോൾ, മിശിഹായുടെ സത്യസഭയുടെ ലക്ഷണങ്ങൾ അവിടെ ഇല്ലെന്നുള്ളതു് സുവ്യക്തമായി തെളിയുന്നതാണു്. ക്രിസ്തു തന്റെ ആടുകളെ മേയിക്കുന്നതിനായി ഭരമേല്പിച്ചിട്ടുള്ളതു് നിരീശ്വരരും അജ്ഞാനികളുമടങ്ങിയ ലൌകിക നിയമനിർമ്മാണ സഭകളെയാണെന്നു്, സ്വാഭാവിക ന്യായമാകട്ടെ വിശുദ്ധ വേദപുസ്തകമാകട്ടെ വിധിക്കുന്നതല്ല.

ഇനിയും നമുക്കു പരിശോധിക്കുവാനുള്ളതു് റോമൻകത്തോലിക്കു് സഭയേ ആണു്. ഈ സഭയിൽ വിശ്വാസ സംബന്ധമായി പരിപൂർണ്ണമായ ഐക്യമുണ്ടെന്നു് ഈ സഭയുടെ ബദ്ധവിരോധികൾപോലും സമ്മതിക്കും. ഒരു കത്തോലിക്കൻ ഇംഗ്ലണ്ടിലോ ചൈനായിലോ അമേരിക്കയിലോ സിരിയായിലോ ആസ്ത്രേലിയായിലോ ആഫ്റിക്കായിലോ എവിടെ ചെന്നാലും ഒരേ വിശ്വാസവും ഒരേ ക്രമാശകളും തന്നെ കാണുന്നതാണു്. ഭരണവിഷയത്തിലാണെങ്കിൽ ഭൂലോകത്തിലുള്ള സകല കത്തോലിക്കരും റോമ്മായിലുള്ള പരിശുദ്ധ മാർപാപ്പായുടെ പരമാധികാരത്തിനു കീഴ്പെട്ടിരിക്കുന്നതായി കാണാവുന്നതാണു്. മിശിഹാതമ്പുരാനും ബാവാതമ്പുരാനും തമ്മിൽ ഏതുവിധത്തിൽ യോജിച്ചിരിക്കുന്നുവോ അതുപോലെയുള്ള ഒരു ഐക്യം നാനാ ഭാഗങ്ങളിലുമുള്ള കത്തോലിക്കർ തമ്മിൽ വിശ്വാസം ഭരണം എന്നീ വിഷയങ്ങളിൽ നാം കാണുന്നുണ്ടു്. അന്യസഭകളിൽ അദൃശ്യമായ ഈ ഐക്യത്തെ തന്നെ ആദ്യമായി നോക്കുന്നപക്ഷം റോമൻ കത്തോലിക്കു് സഭയാണു് മിശിഹായുടെ ഏക സത്യസഭയെന്ന നിഷ്പ്രയാസം പ്രത്യക്ഷപ്പെടുന്നതാണു്.

എന്നാൽ ഇപ്രകാരമുള്ള പരിപൂർണ്ണമായ ഐക്യം കത്തോലിക്കു് സഭയിൽ പരിപാലിച്ചുകൊണ്ടു പോരുന്നതു് അകത്തോലിക്കർക്കു സഹിച്ചുകൂടാത്ത ഒരു സംഗതിയാണു്. ഇതൊക്കയും ഇടക്കാലത്തു് മാപ്പാപ്പാമാരുടെ ദുഷ്ഭരണം മൂലം വന്ന സംഭവിച്ചിട്ടുള്ളതാണെന്നും അതു് ക്രിസ്തീയ സഭയ്ക്കു് അത്യാവശ്യമല്ലെന്നും അവർ പറയുന്നു. എന്നാൽ ഈ അഭിപ്രായം ഒട്ടും തന്നെ സാധൂകരിക്കത്തക്കതല്ല.

ദൈവത്തിന്റെ ഏകസത്യസഭയ്ക്കു വിശ്വാസവിഷയത്തിൽ ഐകരൂപ്യമുണ്ടായിരിക്കാത്ത പക്ഷം മിശിഹാ പ്രാർത്ഥിച്ചതു പോലെയുള്ള ഐക്യം സഭയിൽ നിലനിൽക്കുന്നതല്ലെന്നുള്ളതു പ്രത്യക്ഷമാണു്. ഈ വിശ്വാസസംബന്ധമായ ഐകരൂപ്യം പരിപാലിക്കുന്നതിനും അധികാരപൂർവ്വമായി ലോകത്തെ സദാകാലവും പഠിപ്പിക്കുന്നതിനും ഒരേക അധികാരി ഈ സഭയ്ക്കുണ്ടായിരിക്കേണ്ടതും അത്യാവശ്യമാണു്. ഇപ്രകാരമുള്ള ശ്രേഷ്ഠാധികാരം ആദിമകാലം മുതൽ റോമ്മായിലെ മാപ്പ്വാപ്പായ്ക്കുണ്ടായിരുന്നു എന്നുള്ളതിനു് പലപ്രാചീന കാനോനാകൾ സാക്ഷിയാണു്. നിഖ്യാസൂനഹദോസിന്റെ അറബിക്കാനോനായിൽ ഈ വിഷയം സംബന്ധിച്ചു ഇങ്ങനെ പറയുന്നു:—"അപ്പസ്തോലന്മാർ അവരുടെ ഭരണവ്യവസ്ഥകളിൽ സ്ഥാപിച്ചിട്ടുള്ളതുപോലെ ഭൂലോകത്തിൽ നാലു പാത്രിയക്കീസന്മാരുണ്ടായിരിക്കണമെന്നും അവരുടെ തലവൻ റോമായിലെ പാത്രിയക്കീസായിരിക്കണമെന്നും ഈ സാർവ്വത്രികസൂനഹദോസ് വിധിച്ചിരിക്കുന്നു" (Canones Nicaeni Vulgo Arabici Can II Cod. de prop (Syriac) xxvii P. 6) ഇപ്രകാരം ആദ്യം അപ്പസ്തോല പ്രഭവായ പത്രോസിനും പിന്നീടു് അദ്ദേഹത്തിന്റെ അനന്തരഗാമികളായ മാപ്പ്വാപ്പാമാക്കും സിദ്ധിച്ചിട്ടുള്ള ശ്രേഷ്ഠാധികാരത്തിൽനിന്നും പിരിഞ്ഞുപോയ പൌരസ്ത്യസഭകളും പ്രോട്ടസ്റ്റന്റു സഭകളും കാലാന്തരത്തിൽ ഏലിവാണം പോലെ പിരിഞ്ഞു പിരിഞ്ഞു നിർജ്ജീവാവസ്ഥയെ പ്രാപിച്ചുവരുന്നതു് നമുക്കു ചിന്താവിഷയമാകേണ്ടതാണു്. സദാകാലവും അധികാരപൂർവ്വകമായി ലോകത്തിൽ പരസ്പരവ്യത്യസ്തങ്ങളല്ലാത്ത ക്രിസ്തീയതത്വങ്ങളെ പഠിപ്പിക്കേണ്ട ചുമതല നിർവ്വഹിക്കുന്ന സഭയ്ക്കു് വിശ്വാസ വിഷയത്തിലും ഭരണകാര്യത്തിലും ഐക്യം ആവശ്യമാണെന്നുള്ളതിലേക്കു്, അനാഥമായി കിടക്കുന്ന അകത്തോലിക്കു് സഭകളുടെ അനുഭവം നല്ലൊരു ദൃഷ്ടാന്തമാണു്. റോമൻ കത്തോലിക്കു് സഭയിൽ ആധുനികകാലത്തുപോലും വിശ്വാസ സംബന്ധമായ ഔദ്യോഗിക പ്രസ്താവനകൾ ഉണ്ടാകുന്നതു് സാക്ഷാൽ അതിന്റെ ചൈതന്യത്തേയും ദൈവസ്ഥാപനത്തേയും കാണിക്കുകയാണു് ചെയ്യുന്നതു്. അതുകയാൽ ക്രീസ്തുവിന്റെ ഈ ഏകസത്യസഭയെ അന്വേഷിച്ചറിഞ്ഞു് അതിൽ അഭയം പ്രാപിക്കുന്നതായിരിക്കും സാക്ഷാത്തായപുനരൈക്യം.

മരിച്ചവർക്കുവേണ്ടി ജീവിച്ചിരിക്കുന്നവർ പ്രാർത്ഥിക്കണമോ?.

(ശ്രീമാൻ എൻ. എക്സ്സു. കുഞ്ഞൻ, ബി. എ. ബി. എൽ.)

ഇക്കഴിഞ്ഞ ലോക മഹായുദ്ധത്തിൽ നീതിക്കും സമാധാനത്തിനും വേണ്ടി പ്രാണൻ കൊടുത്ത സൈനിക സഹോദരന്മാർക്കായി പ്രാർത്ഥിക്കണമെന്നു കുപ്പുട്ടായിലെ ഒരു ആംഗ്ലിക്കൻ ദേവാലയത്തിൽ വച്ചു് ഒരു ആംഗ്ലിക്കൻ പുരോഹിതൻ പ്രസംഗിക്കയുണ്ടായി. യുദ്ധത്തിൽ മരിച്ച ബ്രിട്ടീഷ് സൈന്യങ്ങളെ അനുസ്മരിച്ചു് കഴിഞ്ഞ ആണ്ടിൽ നടത്തിയ ഒരു വാർഷികദിനയോഗത്തിൽവച്ചായിരുന്നു ഈ പ്രസംഗം കഴിച്ചതു്. പ്രസംഗിച്ച പുരോഹിതനും പ്രസംഗം നടത്തിയ പള്ളിയും ശ്രോതാക്കളും ആംഗ്ലിക്കൻ എസ്റ്റാബ്ളിഷ്ഡ് ചർച്ചിന്റെ മതാദ്ധ്യക്ഷതയ്ക്കു് അധീനപ്പെട്ടിരിക്കയായിരുന്നു. മനുഷ്യനു് മരണാനന്തരം സ്വർഗ്ഗംഅല്ലെങ്കിൽ നരകം ഇവയിൽ ഏതെങ്കിലും ഒന്നു് അവനവന്റെ പ്രവൃത്തികർമ്മത്തിനനുസരണമായി ലഭിക്കുന്നതല്ലാതെ അന്യന്മാരുടെ പ്രാർത്ഥനകർമ്മം കൊണ്ടോ സൽപ്രവൃത്തികർമ്മം കൊണ്ടോ മുക്തിയോ ഏതെങ്കിലും ഗുണമോ സിദ്ധിക്കുന്നതല്ല എന്നുള്ളതാണു് ആ മതത്തിന്റെ ഒരു വിശ്വാസസിദ്ധാന്തം. ഇക്കാരണത്താൽ പ്രസ്തുത പ്രസംഗം അവിടെയും മറ്റു സ്ഥലങ്ങളിലുമുള്ള ആംഗ്ലിക്കന്മാരുടെ ഇടയിൽ ഒരു വലിയ ക്ഷോഭം ഉണ്ടാക്കി. പ്രാസംഗികൻ തന്റെ പ്രസ്താവനയെ ചരസുമായി പിൻവലിക്കണമെന്നും മെത്രാപ്പോലീത്തന്റെ അടുക്കൽ സമാധാനം ബോധിപ്പിക്കണമെന്നും മറ്റും അവരിൽ പലരും മുറവിളി കൂട്ടി. ഈ വാഗ്വാദങ്ങളും എതിർവാദങ്ങളും കൽക്കട്ടായിൻനിന്നും പ്രസിദ്ധപ്പെടുത്തുന്നതും പ്രായേണപ്രോ

ട്ടസ്റ്റൻവുകാരാൽ നടത്തപ്പെട്ടുന്നതുമായ സ്റ്റേറ്റ്സ്മാൻ (States Man) എന്ന പ്രഖ്യാതമായ ഇംഗ്ലീഷ് പ്രതിദിനപത്രത്തിൽ സ്ഥലം പിടിക്കയും മരിച്ചവക്കുവേണ്ടി പ്രാർത്ഥിക്കുന്നതിന്റെ ന്യായാന്യായങ്ങളേയും മറവും വിഷയീകരിച്ചു് അനേകം ലേഖനങ്ങൾപ്രസ്തുതപത്രത്തിൽ പ്രസിദ്ധപ്പെട്ടുത്തുകയും ചെയ്തു. കത്തോലിക്കരും പ്രോട്ടസ്റ്റൻവുകാരുമായ പലപല പണ്ഡിതന്മാർ മരിച്ചവക്കുവേണ്ടിയുള്ള പ്രാർത്ഥനകളുടെ പ്രയോജനത്തെ പിൻതാങ്ങിയും ചില ആംഗ്ലിക്കൻ പണ്ഡിതന്മാർ അതിനെ എതിർത്തും ഇങ്ങനെ രണ്ടുകൂട്ടരും വാശിയായും വാഗ്മിതത്തോടുകൂടിയും വാദങ്ങൾ നടത്തി. ഇങ്ങനെ വാദം മൂത്തപ്പോൾ കഴിഞ്ഞ ആണ്ടു് ആഗസ്റ്റ് മാസം ആദ്യം ഒരുലക്കം സ്റ്റേറ്റ്സ്മാനിൽ ഒരു പത്രാധിപക്കുറിപ്പു് പ്രസിദ്ധപ്പെട്ടുത്തുകയുണ്ടായി. പ്രസ്തുത വാദം പത്രസ്ഥലം ധാരാളം എടുത്തുകഴിഞ്ഞു എന്നും ഈ വാദം ദീർഘിപ്പിക്കുന്നതുകൊണ്ടു് യാതൊരു പ്രയോജനവും കാണുന്നില്ലെന്നും ആകയാൽ ഈ വാദത്തിനായി മേലിൽ സ്ഥലം അനുവദിക്കുന്നതല്ലെന്നുമായിരുന്നു അതിന്റെ ചുരുക്കം. മരിച്ചവക്കുവേണ്ടിയുള്ള പ്രാർത്ഥനയുടെ ആവശ്യം, അതിനെ നീതീകരിക്കുന്നതിനു് വേദപുസ്തകത്തിൽനിന്നും പാരമ്പര്യത്തിൽനിന്നും മറവുമുള്ള പ്രമാണങ്ങൾമുതലായ അനേകസംഗതികളെ ക്രോഡീകരിച്ചുള്ള അനുകൂലകക്ഷിയുടെ പ്രൌഢങ്ങളായ അഭിപ്രായ പ്രകടനങ്ങൾ കുറച്ചുകൂടി തുടർന്നു നടന്നു് എതിർവാദത്തെ പാടേ ഖണ്ഡിക്കുന്നതിനു മുമ്പു് ഇതു് അവസാനിപ്പിക്കേണ്ടിവന്നതിൽ സത്യാന്വേഷികൾക്കു മനസ്താപമുണ്ടായിരുന്നിരിക്കണം. ഏതായാലും ഈ പക്ഷക്കാരനും ഈ വാദപ്രതിവാദങ്ങളെ തുടരെ വായിച്ചുകൊണ്ടിരുന്നവനുമായ എനിക്കുണ്ടായ മാനസികാനുഭവം അപ്പോൾ ഇപ്രകാരമായിരുന്നു.

എന്നാൽ ഇതിനിടയിൽ ഇതേ വിഷയം തന്നെ മറെറാരു പ്രകാരത്തിൽ ആംഗ്ലിക്കൻ സഭയുടെ കേന്ദ്രസ്ഥാനമായ ഇംഗ്ലണ്ടിൽ ചിന്താശീലന്മാരായ പലരുടേയും അത്ഭുത പാരതന്ത്ര്യത്തിനും ഗാഢമായ പരിഗണനത്തിനും വിഷയമായി രീന്നിട്ടുണ്ടായിരുന്നു. അതേ, മരിച്ചവക്കുവേണ്ടി അപേക്ഷിക്കേണ്ടതിന്റെ അത്യാവശ്യം പ്രതിപാദിക്കപ്പെട്ടുകയും അനിഷേദ്ധ്യമായ തെളി

വിനാൽ അവിടെ ഒരു സ്ഥലത്തു് സ്ഥാപിക്കപ്പെട്ടുകയും ചെയ്യുന്നുണ്ടായിരുന്നു. സ്റ്റേറ്റ്സ്മാൻ പത്രത്തിന്റെ വാദങ്ങളും നടന്ന കാലത്തു് ഇവിടെയുള്ളവക്കു് ഈ സംഗതി അജ്ഞാതമായിരുന്നുവെന്നായുള്ളൂ.

അനേകവിധങ്ങളായ യാദൃച്ഛിക സംഭവങ്ങളെ ഉത്ഭവിപ്പിക്കുന്നവനും അവയിൽനിന്നും അവിചാരിതങ്ങളായ ഫലങ്ങളെ പുറപ്പെടുവിക്കുന്നവനുമായ സർവ്വേശന്റെ, സംഭവങ്ങളെ സംഘടിപ്പിക്കുന്നതിലുള്ള പൂർവ്വദൃഷ്ടിയേയും ചാതുര്യത്തേയും ആക്ഷേപിപ്പാൻപോലും കഴിയുമോ? എന്തായാലും മരിച്ചവക്കുവേണ്ടിയുള്ളപ്രാർത്ഥനയെ സംബന്ധിച്ചു് വാഗ്പ്രതിവാദം നടത്താൻ സ്ഥലം അനുവദിക്കയില്ലെന്നു പറഞ്ഞ സ്റ്റേറ്റ്സ്മാൻ പത്രക്കാക്കു് ആ വിഷയം ഒഴിച്ചു് കുറേ ലക്കങ്ങളും മാത്രമേ പുറപ്പെടുവിക്കാൻ കഴിഞ്ഞുള്ളൂ. അപ്പോഴിതാ ടി. പത്രത്തിന്റെ ഫ്രൻഡ് ആഗസ്റ്റു് 2-ാം തീയതിയിലെ പ്രതിയുടെ ഒരു പ്രധാനസ്ഥാനം ഈ വിഷയത്തിലേക്കു വിനിയോഗിക്കേണ്ടതായി വന്നു. ആ പതിപ്പിൽ സന്താപ സങ്കീർണ്ണമായ മുഖഭാവത്തോടുകൂടിയ ഒരു ഡൊമിനിക്കൻ സന്യാസിയുടെ യാത്രയും ഈ വിഷയത്തെപ്പറ്റി വിസ്മയാവഹങ്ങളായ ചില ലേഖനങ്ങളും നിരൂപണങ്ങളുമുണ്ടായിരുന്നു.

നോർബർട്ടു ബില്ലി എന്നുപേരായ ഒരു പുരോഹിതന്റെ ജീവിതത്തിൽ നടന്നതും മരണശേഷം ലസിസ്റ്ററിലുള്ള പള്ളിയിൽ നടക്കുന്നതുമായ സംഭവങ്ങളെ സംബന്ധിച്ചായിരുന്നു ആ ലേഖന പരമ്പരകൾ. ഇദ്ദേഹം കഴിഞ്ഞ ജനുവരിമാസത്തിൽ ബെക്ക്ഹാർഡ് ഷയറിലുള്ള രാജകീയാതുരശാലയിൽ കിടന്നു മരിച്ചു. ആംഗ്ലിക്കൻ പുരോഹിതന്മാർ യഥാവിധി ഇദ്ദേഹത്തെ സപരികുടുംബം വക ശ്മശാനസ്ഥലത്തു് സംസ്ക്കരിക്കയും ചെയ്തു. ഇപ്രകാരം ആംഗ്ലിക്കൻവൈദികന്മാരാൽ "സമാധാനത്തിൽ ശയിക്ക" എന്നു് ആജ്ഞാപിതനായി അവരുടെ ശ്മശാനസ്ഥലത്തു സംസ്ക്കരിക്കപ്പെട്ട നോർബർട്ടുബില്ലി കുറേനാൾ

കഴിഞ്ഞപ്പോൾ കത്തോലിക്കരുടെ വക മേല്പറഞ്ഞ ലിസിസ്റ്ററിലുള്ള പള്ളിയിൽ വിശുദ്ധ കുർബാന അനുഷ്ഠിക്കുന്ന പീഠത്തിനു സമീപേ ദൃശ്യനായി നിന്നുകൊണ്ടു പ്രസ്തുതകമായ മുഖഭാവത്തോടും ദയനീയമായ നിനദത്തോടും "ബഹുമാനപ്പെട്ട അച്ചാ! വിശ്വാസികളെ! നിങ്ങടെ എനിക്കുവേണ്ടി പ്രാർത്ഥിപ്പിൻ അല്ലെങ്കിൽ എനിക്കു സമാധാനം കിട്ടുകയില്ല" എന്നു മിക്ക ദിവസങ്ങളിലും അപേക്ഷിക്കുന്നു. ഈ സംഭവം കഴിഞ്ഞയാണ്ടിൽനടന്നുകൊണ്ടിരിക്കുന്നതായിട്ടാണു് ടി. പത്രത്തിൽ പ്രസ്താവിച്ചിരുന്നതു്.

ഈ പുരോഹിതൻ ആരാണു്? ഈ പള്ളി ഏതാണു്? എന്നുള്ള സംഗതികളേപ്പറ്റിയും ടി. പത്രത്തിൽ പ്രതിപാദിച്ചിട്ടുണ്ടായിരുന്നു. നോർബട്ടവില്ലി എന്നും ഒരു ആംഗ്ലിക്കൻ പുരോഹിതനായിരുന്നു. ഇദ്ദേഹം ഇംഗ്ലണ്ടിൽ പ്രസിദ്ധപ്പെട്ട റീഡിംഗ്ഗ് ബിസ്ക്കത്തു കമ്പനി ഉടമസ്ഥന്മാരായ ധനവാന്മാരുടെ വംശത്തിൽ ജനിക്കയും സ്വമതത്തിൽ ഒരു പുരോഹിതനായിത്തീരുകയും ചെയ്തു. ഭക്തനും ചിന്താശീലനുമായ അദ്ദേഹം കാലാന്തരത്തിൽ ഒരു കത്തോലിക്കനാകയും അതിനുശേഷം ഡൊമ്മിനിക്കൻ സഭയിൽ പ്രവേശിച്ചു് ഒരു പ്രീയാരാകയും ചെയ്തു. ഇദ്ദേഹത്തിന്റെ മതതീക്ഷ്ണതയും ശേഷിയും ശേമുഷിയും, ഒട്ടുവളരെ ധനം നിഷ്പ്രയാസം പിരിച്ചെടുത്തു് ലസിസ്റ്ററിലും വേറെ ഒരു സ്ഥലത്തും രണ്ടു കത്തോലിക്കാ പള്ളികൾ സ്ഥാപിക്കുന്നതിനു് ചുരുങ്ങിയ കാലത്തിടയിൽതന്നെ പ്രാപ്തനായി. ഇങ്ങനെ കത്തോലിക്കാസഭയിൽ നിന്നു വേലചെയ്തുകൊണ്ടിരിക്കവേ ഏതോകാരണവശാൽ അദ്ദേഹം ആ സഭ ഉപേക്ഷിക്കയുണ്ടായി. പിന്നെ ഒരു ആംഗ്ലിക്കൻസഭാംഗമായിത്തീരുകയും ചെയ്തു. ആംഗ്ലിക്കൻ മെത്രാൻ അദ്ദേഹത്തെ പഷ്സസ്റ്ററിൽ ഒരു ക്യൂറേറ്റായി (വികാരി) നിയമിച്ചു. ഇദ്ദേഹം വളരെവാഗ്മിയായ ഒരു മതപ്രാസംഗികനായിരുന്നു. തന്റെ അവസാനപ്രസംഗം പഷ്സസ്റ്ററിലുള്ള ആംഗ്ലിക്കൻ പള്ളിയിൽവച്ചു് ഫെബ്രുവരി ൧൦-൦൯- ആയിരുന്നു. മമ്മസ്പൃക്കായ ആ പ്രസംഗം കേട്ടു് ശ്രോതാക്കൾ കണ്ണീർ ചിന്തി എന്നാണു് പറയപ്പെട്ടിരുന്നതു്. അദ്ദേഹം അന്നത്തെ തന്റെ പ്രസംഗത്തെ, തന്റെ അന്തിമപ്രസംഗത്തെ, ഇങ്ങനെ അവസാനിപ്പിച്ചു:— "ക

ത്താവേ! അവിടത്തെ കരങ്ങളിൽ എന്റെ ദേഹിയെ ഞാൻ സമർപ്പിക്കുന്നു." പ്രസംഗം കഴിഞ്ഞു് അദ്ദേഹം വാസസ്ഥലത്തുചെന്നു. അന്നുരാത്രിയിൽത്തന്നെ അദ്ദേഹത്തിനു് ന്യൂമോണിയാരോഗം പിടിപെട്ടു് ആശുപത്രിയെ അഭയം പ്രാപിച്ചു. ഇദ്ദേഹം രോഗബാധിതനായെന്നും അപകടനിലയിലായെന്നും അറിഞ്ഞു് തന്റെ പഴയ സ്നേഹിതനും സഹപ്രവർത്തകനുമായിരുന്ന ഫാദർ ഫെബിയാൻ ഡിക്സ് എന്ന മറൊരു ഡൊമ്മിനിക്കൻ സന്യാസി ആശുപത്രിയിൽചെന്നു് ഇദ്ദേഹത്തെ സന്ദർശിക്കയും തിരിയെ കത്തോലിക്കനാകണമെന്ന സയുക്തികമായി സംസാരിക്കയും ചെയ്തു. എന്നാൽ രോഗിയുടെ അഭിപ്രായ ഗതി മാറിയില്ല. അതുകയാൽ ഫാദർ ഫെബിയാൻ ഡിക്സ് ഭഗ്നാശനായി തിരിയെപ്പോയി. കുറേദിവസങ്ങൾകഴിഞ്ഞു് രോഗിയുടെദീനംവർദ്ധിച്ചു് താൻ രക്ഷപെടുകയില്ലെന്ന രോഗിക്കും ബോദ്ധ്യമായി. ഈ ബോദ്ധ്യംനോർബർട്ടുവില്ലിയെ സംഭ്രാന്തചിത്തനാക്കി. അസന്നമായഅപൽഘട്ടം തന്റെ വിശ്വാസഗതിയേപ്പറ്റിശോധന ചെയ്യുന്നതിനു് നോർബർട്ടുവില്ലിക്ക പ്രയോജകീഭവിക്കയും താൻ വിശ്വാസവിഷയത്തിൽ നേർവഴിയിലല്ലാ സ്ഥിതിചെയ്യുന്നതെന്നു് ബോദ്ധ്യപ്പെടുകയും ചെയ്തു. അതുകയാൽ ഫാദർ ഫെബിയാൻഡിക്സിനേത്തന്നെയോ അല്ലെങ്കിൽ വേറെ ഏതെങ്കിലും ഒരു കത്തോലിക്കപുരോഹിതനെയോ ക്ഷണിച്ചുകൊണ്ടുവരണമെന്നു് തന്റെപരിചാരകന്മാരോടു് താൻ ആവശ്യപ്പെടുകയും ചെയ്തു. എന്നാൽ ഫാദർ ഫെബിയാൻഡിക്സോ മറേറതെങ്കിലും കത്തോലിക്കപുരോഹിതനോ വന്നുചേർന്നു് ആ പരിശുദ്ധ സഭയുടെ അന്തിമാശിസ്സുകളും ക്ലേശകളും സിദ്ധിക്കുന്നതിനുമുൻപു് നോർബർട്ടുവില്ലിയുടെ ദേഹിയെ തന്റെ കണക്കുകളും കേൾപ്പിക്കുന്നതിനായി സ്രഷ്ടാവായ ദൈവത്തിന്റെ സന്നിധാനത്തിലേക്കു വിളിക്കപ്പെട്ടു. ഏതെങ്കിലും അദ്ദേഹം മരിക്കുന്നതിനുമുൻപു് ഒരു സംഗതിക്കൂടി ചെയ്തു. തന്റെ സമ്പാദ്യങ്ങളിൽ ഓമ്മയ്ക്കായി സൂക്ഷിക്കാൻ ചട്ടംകെട്ടിയിച്ച സാമാനങ്ങളൊഴിച്ചു് ബാക്കി എല്ലാം കത്തോലിക്കാസഭയ്ക്കു കൊടുക്കണമെന്നു് അദ്ദേഹം നിശ്ചയം ചെയ്തു. ഇപ്രകാരം ബാഹ്യദൃഷ്ടിക്കു് ഒരു പ്രോട്ടസ്റ്റൻറായി മരിക്കയും ആ സഭയി

ലെ പുരോഹിതന്മാരാൽ സമാധാനത്തിൽ ശയിക്ക റെന്ന് ആ ജ്ഞാപിതനായി അവരുടെ സംസ്ക്കാരസ്ഥലത്തു് അടക്കപ്പെട്ട കയും ചെയ്തു. ആ നോർബട്ടവില്ലി അല്ല അദ്ദേഹത്തിന്റെ ദേ ഹി സ്വാതന്ത്ര്യപം എടുത്തു് തന്റെ പരിശ്രമത്താൽ സ്ഥാപിക്ക പ്പെട്ടിട്ടുള്ള ലസിസ്റ്ററിലെ കത്തോലിക്കാ പള്ളിയിൽ മുമ്പു പറ ഞ്ഞതുപോലെ ദൃശ്യനായി അവിടെ ദിവ്യബലി അർപ്പിക്കുന്ന പ ട്ടക്കാരനോടും അതിൽ ഭാഗഭാക്കുകളാകുന്ന വിശ്വാസികളുടെ ഗ ണത്തോടും തന്റെ സമാധാനത്തിനായി പ്രാർത്ഥിക്കണമെന്നു യാ ചിച്ചുവരുന്നു. (തുടരും)

ഒരമൃതഭോജനം.

(ഹാളർ അഗസ്റ്റീൻ, ചങ്ങനാശേരി).

"ഞാൻ സജീവമായ അപ്പമാകുന്നു" (യോഹ. ൬ - ൫൧.) കൊട്ടാരം തൊട്ടു് കുടിൽ വരെ, ആബാലവൃദ്ധമാളുകളും ഭക്ഷണ പാനീയങ്ങളിൽ അന്യാദൃശ പ്രതിപത്തി പ്രദർശിപ്പിച്ചു കാണു ന്നു. പരിഷ്ക്കാര പൂർണ്ണതയും, ജനബാഹുല്യതയും വളരെ ഒച്ചപ്പ ട്ടം കൂടികൊള്ളുന്ന ഒരു പട്ടണത്തിൽ ചെന്നു് സൂക്ഷ്മവീക്ഷണം ചെയ്യുന്നതായാൽ മധു സജ്ജീകരണാർത്ഥം ഹുങ്കാരധ്വനി പുറപ്പെ ടുവിച്ചുംകൊണ്ടു് ഉത്സാഹഭരിതരായി അങ്ങുമിങ്ങും ക്ലുപ്തക്ലുപ്തമായി പറന്നു നടക്കുന്ന തേനീച്ചകളെ കണക്കു് വിവിധകായ്യങ്ങളിൽഏ ർപ്പെട്ടു്, ബദ്ധശ്രദ്ധരായി കർത്തവ്യമത്തരായി ദ്രുതഗതിയിൽ പാ ഞ്ഞു നടക്കുന്ന ചതുർവിധ വേഷധാരികളായ ആളുകളെ നമുക്കു കാണാൻ കഴിയും. ഇത്രയധികം ബദ്ധപ്പാടു കഴിക്കുന്നതിന്റെ രഹസ്യം എന്തായിരിക്കുമെന്നു് അവരോടു ഒരു പ്രശ്നം ചെയ്യു ന്നതായാൽ ലഭിക്കുന്ന മറുപടി പലതരത്തിലായിരിക്കും. ഒരു കേസുനടത്താൻ കോർട്ടിൽ പോകുന്നുവെന്നു് ഒരുത്തനും, ബാങ്കിൽ പോകുന്നുവെന്നു് അപരനും, രക്ഷാവണ്ടി വലിക്കാൻ പോകുന്നു

വെന്നു് വേറൊരുവനും പറയും. എന്നാൽ എല്ലാവരുടെയുംഅന്തരം ഒന്നുതന്നെ. അതായതു് ധനസമ്പാദനം അഥവാ ഉദരപൂരണം. "ഉദരനിമിത്തം ബഹുകൃതവേഷം" എന്നുള്ള കവിവാക്യം ഇവിടെ എത്ര അർത്ഥവത്തായിരിക്കുന്നു!! ദേഹീദേഹസമന്വിതരായമനുഷ്യർക്കു് താദൃശാവശ്യങ്ങളും അപരിതാജ്യങ്ങളും തന്നെ എന്നുള്ളതിനു് ലേശപക്ഷമില്ല. യഥാർത്ഥത്തിൽ അനശ്വരമായ ഒരാത്മാവു് മനുഷ്യനുള്ളതുകൊണ്ടു് വെറും ശാരീരികഭക്ഷണത്തേക്കാളും ഉപരിയായി ആദ്ധ്യാത്മിക ഭക്ഷണത്തിൽ ദൃഷ്ടി പതിക്കേണ്ടതു് അവശ്യാവശ്യമാണു്. നിലം ഉഴുന്നതിനും വാണിജ്യം നടത്തുന്നതിനും വിദ്യാഭ്യാസം ചെയ്യുന്നതിനും ഒക്കെ ഭക്ഷ്യപേയാദികളും ഒഴിച്ചുവയ്ക്കാൻ തരമില്ലെങ്കിൽ സദാചാരനിരതരായി, ദൈവഭക്തരായി, കർത്തവ്യകർമ്മകുശലരായി പുണ്യജീവിതം കഴിക്കുന്നതിനും ലോകം, പിശാചു്, ശരീരം എന്നീ രിപുത്രയങ്ങളെജയിച്ചു് സ്വർഗ്ഗം പ്രാപിക്കുന്നതിനും ആത്മികഭോജനം, അതേ, വി. കുർബാനയുടെ സ്വീകരണം എത്രയോ അത്യാവശ്യം!! അനന്തജ്ഞാനിയും കരുണാമൂർത്തിയും ആയ ദൈവം ഇതിന്റെ യാഥാർത്ഥ്യം പഴയനിയമത്തിൽതന്നെ വിവിധ തരത്തിൽ പ്രത്യക്ഷമാക്കീട്ടുണ്ടു്. ഉദാഹരണാർത്ഥം ഒന്നുരണ്ടെണ്ണം എടുത്തുപറയുന്നതു് അസ്ഥാനത്താകയില്ലല്ലൊ. ആദിമാതാപിതാക്കന്മാരുടെ അധിവാസഭ്രമിയായിരുന്ന ഭൌമിക പറുദീസായിൽ അവരുടെ ഉപയോഗത്തിന്നായി നയനാനന്ദകരങ്ങളും രുചികരങ്ങളും ആയ അനവധി വൃക്ഷങ്ങളെ ദൈവം പ്രദാനം ചെയ്തിരുന്നു. എന്നാൽ അവയൊക്കെയിലും പ്രധാനപ്പെട്ട ജീവന്റെ വൃക്ഷം സ്ഥിതിചെയ്തിരുന്നതു് നടുവിൽ ആയിരുന്നു. ഈ വൃക്ഷതല്ലജം ആയിരുന്നു അവരുടെ ആദ്ധ്യാത്മിക പോഷണമായി പരിലസിച്ചിരുന്നതു്. പ്രസ്തുതതോട്ടം (Paradise) തന്നെയും ഭൂഗോളത്തിന്റെ ഏതാണ്ടുമദ്ധ്യഭാഗത്തായിരുന്നുവെന്നുപറയപ്പെട്ടുന്നുപോൽ. എല്ലാവർക്കും, ഏതൽ ഫലം ഒന്നുപോലെ സുലഭമായി തീരണമെന്നുള്ളതായിരുന്നിരിക്കണം സ്രഷ്ടാവിന്റെ ഉദ്ദേശ്യം. മാലിന്യരഹിതമായ കുഞ്ഞാടിന്റെ രക്തമാംസം മൂലം ഇസ്രായേൽ ജനത്തിനു ഫറോന്റെ അടിമയിൽനിന്നും, ചെങ്കടലിന്റെ രാക്ഷസവക്ത്രത്തിൽ

നിന്നും സുരക്ഷിതരായി സുദീർഘപ്രയാണം ചെയ്ത് മരുഭൂമിയിൽ വന്നെത്തിയതും അത്യത്ഭുതം തന്നെയാണല്ലൊ. തദനന്തരം അവരുടെ ജീവസംരക്ഷണം നിർവഹിക്കപ്പെട്ടതോ സ്വർഗ്ഗീയ മന്നായും, കാടപ്പക്ഷിയും, ശിലാഗർഭത്തിലെ വെള്ളവും മൂലം ആയിരുന്നു. ദൈവദൂതന്റെ അപ്പംകൊണ്ട് ഏലിയാ പ്രവാചകൻ 40 രാപ്പകൽ തുടച്ചയായി പ്രയാണം ചെയ്തു. കിംവദന്തി, കാലപരിപൂർണ്ണതയിൽ, ദിവ്യ സുതൻ, മർത്ത്യാവതാരം ചെയ്തു, തന്നെ തന്നെ നമുക്ക് അനുദിന ഭോജനമായി തന്നരുളി.

ജീവിതദശയിൽ 'മക്കളേ ശരണം' എന്നു കരുതി പഞ്ചഭൂതങ്ങളോട് അഹന്നിശം മല്ലിട്ട് നിരവധി ധനം സമ്പാദിച്ച് അവക്കു പ്രദാനം ചെയ്യുന്ന ഒരു നല്ല പിതാവ് ഒടുവിൽ തന്റെ ആത്മമിത്രങ്ങളെ നിത്യമായി വെടിയാനുള്ള മരണനേരം സമീപിക്കുമ്പോൾ അദ്ദേഹം പെട്ടിയിൽ പ്രത്യേകമായി നിക്ഷേപിച്ചിരിക്കുന്ന അമൂല്യ രത്നങ്ങളെ തന്റെ നിസ്തുല പൈതൃക സ്നേഹലക്ഷ്യമായി ഗൽഗദ സ്വരത്തോടും വിറയ്ക്കുന്ന കരങ്ങളോടും, എന്നാൽ, വഴിഞ്ഞൊഴുകുന്ന സ്നേഹപാരവശ്യത്തോടും കൂടി മക്കൾക്കു പ്രദാനം ചെയ്യുന്നു. ആ വിധം തന്നെ ആണ് ദിവ്യരക്ഷകൻ ഒടുവിലത്തെ അത്താഴത്തിൽ വർത്തിച്ചതു്. ക്രൂശാരോഹിയുടെ മനുഷ്യാവതാരത്തിന്റെ അമൂല്യ നിക്ഷേപം ആണ്. ദൈവാനുഗ്രഹങ്ങളെ ആകാശത്തിൽനിന്നു് ഭൂമിയിലേക്ക് അവഹിക്കുന്ന ദിവ്യ മാധ്യങ്ങളാണവ. അവ ഓരോന്നും ഓരോതരത്തിൽ, പ്രധാനങ്ങളെങ്കിലും, വിശുദ്ധ കർബാന അവയെല്ലാക്കെ ഒരു മകുടമായി പരിലസിക്കുന്നു. അതു്, ദൈവത്തിന്റെ അനന്തസ്നേഹത്തിന്റെ അടിത്തട്ട് കണ്ടുകഴിഞ്ഞിരിക്കുന്നു!! അതു് മനുഷ്യനെ ദൈവത്തോടു് ഗാഢമായി ബന്ധിക്കുന്നു!! അതു നിമിത്തം സ്രഷ്ടാവു് സൃഷ്ടിയുടെ ഭക്ഷ്യോപയങ്ങളായി പരിവർത്തനം ചെയ്തിരിക്കുന്നു. അതിന്റെ നിസ്തുലശക്തി മർത്ത്യനെ അമർത്ത്യനാക്കിത്തീർത്തിരിക്കുന്നു." Quid possum ultra facere " "ഇതിലപ്പുറം എനിക്ക് എന്തുചെയ്യാൻ സാധിക്കും?" വിശുദ്ധ അഗസ്തീനോസു് പറയുന്നതു കേട്ടാലും! " ദൈവം സർവശക്തനായിരുന്നിട്ടും ഇതിൽ കൂടുതൽ ചെയ്യാൻ തനിയ്ക്കു കഴിഞ്ഞില്ല; അനന്ത ജ്ഞാ

ധജ്ഞാനിയായിരുന്നിട്ടും ഇതിലപ്പുറം കണ്ടുപിടിക്കാൻ അദ്ദേഹത്തിനു സാധിച്ചില്ല; അളവറ്റ ധനികനായിരുന്നിട്ടും ഇതിൽക്കൂടുതൽ കൊടുക്കാൻ ഒന്നുംകണ്ടില്ല". ലോകം പലതര സ്നേഹപാശത്താൽ ബന്ധിതമാണെങ്കിലും, ഒരു പിതാവു് മകനു വേണ്ടിയും, രാജാവു് പ്രജയ്ക്കുവേണ്ടിയും, സ്നേഹിതൻ സ്നേഹിതനു വേണ്ടിയും പ്രാണത്യാഗം ചെയ്തിട്ടുള്ളതായി ഇതുപേക്ഷിച്ചു മറ്റൊരും കേട്ടിരിക്കയില്ല. "അദ്ദേഹം മരുഭൂമിയിലെ പെലിക്കൻ പക്ഷിക്കു തുല്യനായി" എന്നുള്ള സങ്കീർത്തനക്കാരന്റെ പ്രവചനം എത്ര അർത്ഥവത്തായിരിക്കുന്നു!! ഇതു് പാപികളുടെ രക്ഷയും, നീതിമാന്മാരുടെ ഉറപ്പും, വേദസാക്ഷികളുടെ ധൈര്യവും, കന്യാവ്രതക്കാരുടെ ബലിഷ്ഠ കോട്ടയും, മന്ദജീവിതക്കാരുടെ ഉണർവ്വും ആയിരിക്കുന്നു!!. സ്നേഹം സ്നേഹത്താൽ ജയിക്കപ്പെടണമെന്നുള്ളമഹദ്പാഠം സദാപി ഓർത്തുകൊണ്ടു് അനുദിന ദിവ്യകാരുണ്യ സ്വീകരണം മൂലം സക്രാരിയിൽ സ്നേഹപാശത്താൽ ബന്ധിതനായ നമ്മുടെ കർത്താവിനോടു നമുക്കു് പ്രതിസ്നേഹം കാണിക്കാം.

(തുടരും.)

അകത്തോലിക്കർ ചെയ്യേണ്ടതു്.

(എം. ഒ. ജോസഫ് നെടുംകുന്നം.)

വിശുദ്ധ ലൂക്കായുടെ നടവടിഗ്രന്ഥത്തിന്റെ പക്ഷങ്ങളെ മറിച്ചാൽ, ഒരുഭാഗത്തു് താഴെക്കാണുന്ന ഭാഗം നമുക്കുപാരായണം ചെയ്യാവുന്നതാണു്. "കേസറിയായിൽ കൊർണ്ണീലിയസു് എന്നു പേരുള്ള ഒരു ശതാധിപൻ ഉണ്ടായിരുന്നു. അയാളും സപരികുടുംബവും ഔദാര്യപ്രവൃത്തികളും, ദാനധർമ്മം, ദൈവഭക്തി, പ്രാർത്ഥന, മുതലായതിനാൽ ദൈവത്തെ സദാപി പ്രീതിപ്പെടുത്തിയിരുന്നു. ഈ മനുഷ്യന്റെ അടുക്കൽ ഒരു ദിവസം മാലാഖാ

പ്രത്യക്ഷപ്പെട്ട്, ഇങ്ങനെ പറഞ്ഞു:— "നിന്റെ പ്രാർത്ഥനകളും ദാനങ്ങളും ഒരു സ്മാരകമായി ദൈവതിരുമുൻപിൽ എത്തിയിട്ടുണ്ട്. ആകയാൽ ജോപ്പായിലേക്ക് ആളയച്ച് പത്രോസ് എന്നു വിളിക്കപ്പെടുന്ന ശിമയോനെ ഇവിടേക്ക് വിളിക്കുക. നീ എന്തു ചെയ്യണമെന്ന് അയാൾ പറഞ്ഞുതരും" അനന്തരം മാലാഖ തിരോഭ്രതനായി. നടവടി X. 1-7

ശതാധിപനായ കൊർണ്ണീലിയസ് ഒരു പുറജാതിക്കാരനായിരുന്നു. തങ്ങൾ ലോകമെങ്ങും പോയി സകലജാതികളേയും പഠിപ്പിക്കുവാൻ അപ്പോസ്തലന്മാർ യേശുവിനാൽ നിയുക്തരായെങ്കിലും, ഏതൽക്ഷണംവരെ, യഹൂദരെ മാനസാന്തരപ്പെടുത്തുന്നതിൽ മാത്രമെ അവർ ഒരുമ്പെട്ടിരുന്നുള്ളൂ. പുറജാതിക്കാരെ സ്വീകരിക്കുന്നതു് ഇസ്രായേൽക്കാരായ ക്രൈസ്തവർക്ക് അത്യുപ്തികരം തന്നെ ആയിരിക്കും; എന്തെന്നാൽ അശുദ്ധവസ്തുക്കളെ സ്പർശിക്കപോലും യഹൂദർക്ക് പതിവില്ല. വിജാതീയർ നിഷിദ്ധരും, അശുദ്ധരും, ദൈവതിരസ്കൃതരുമെന്നത്രേയുദവിശ്വാസം!

അതെങ്ങനെയായാലും കൊർണ്ണീലിയസിന്റെ പ്രാർത്ഥന ദൈവതിരുമുൻപിൽ എത്തി. അയാൾ ദൈവഭക്തനും, ദൈവകരുണയ്ക്കർഹനും, അത്രേ. പ്രീതനായ ദൈവം തന്റെ മാലാഖയേ അയാളുടെ പക്കൽ അയയ്ക്കാൻ തിരുച്ചിത്തമായി. ശതാധിപപ്രാർത്ഥന രക്ഷയെ പുരസ്കരിച്ചായിരിക്കണമെന്നു് ന്യായപൂർവം നമുക്കനുമാനിക്കാം. അയാളും കുടുംബവും മാനസാന്തരപ്പെടാനുള്ള മാർഗ്ഗം മാലാഖ മുഖാന്തിരം ദൈവത്തിനു പറഞ്ഞുകൂടായിരുന്നോ? അതല്ലെങ്കിൽ ഒരു വേദപുസ്തകം കൊടുത്തു്, "കൊർണ്ണീലിയസേ വായിച്ചുരക്ഷപ്രാപിച്ചുകൊള്ളുക"യെന്നു പറയാൻ വഹിയായിരുന്നോ? (മാലാഖയ്ക്കു് ഒരു വേദപുസ്തകപ്രതി കിട്ടാൻ എളുപ്പമാണല്ലോ) വേദപുസ്തകപാരായണത്താൽ മുക്തിപ്രാപ്തി സാധിക്കാമായിരുന്നെങ്കിൽ എന്തുകൊണ്ടു് പത്രോസിനെ വിളിക്കാൻ ദൈവം ആജ്ഞാപിച്ചു? തന്റെ പ്രതിപുരുഷന്മാരായി താൻ നിയോഗിച്ചിട്ടുള്ള ശിഷ്യപ്രമുഖ (വൈദിക) ന്മാരുടെ

ഹസ്തങ്ങളിൽനിന്നും രക്ഷാമാർഗ്ഗം സ്വീകരിക്കണമെന്നാണു് ദൈ തിരുമനസ്സു്. അഥവാ രക്ഷാമാർഗ്ഗം സഭയാണു്.

മി. കെ. എൻ. ഡാനിയൽ തന്റെ "പാപ്പായുടെ ആ ധിപത്യ"മെന്നവിപുലഗ്രന്ഥംകൊണ്ടും കോട്ടയംകാരൻ തന്റെ "ഭ്രാതക്കണ്ണാടി"കൊണ്ടുംസാധിക്കാൻപോകുന്നതു് ശ്ലീഹന്മാർ സമ ന്മാരായിരിക്കണമെന്നാണല്ലോ! അവർ സമന്മാരായിരുന്നെങ്കിൽ കേസറിയാ ഫിലിപ്പിക്കുണ്ടായുള്ള ഡമാസ്ക്കസിൽ നിന്നും, "പു റജാതിക്കാർക്കു് തിരഞ്ഞെടുക്കപ്പെട്ട പാത്രമായ പൌലോസിനേ യോ, അനനിയാസിനേയോ, അതല്ലെങ്കിൽ സമറിയായിൽ നി വസിച്ചിരുന്ന ഫിലിപ്പോസിനേയോ, മറ്റു വല്ല പ്രേഷിതന്മാരേ യോ വിളിക്കാൻ ആജ്ഞാപിക്കാതെ ആ പ്രദേശത്തുനിന്നും അ തി വിദൂരമായ ജോപ്പായിൽ വസിച്ചിരുന്ന പത്രോസിന്റെ അടു ക്കൽ പോകുവാൻ മാലാഖാ പറഞ്ഞതിന്റെ ഉദ്ദേശ്യമെന്തു്? ഗാഢമായി പര്യാലോചിക്കേണ്ട ഒരു വിഷയമാണിതു്.

നിഷിദ്ധജാതിക്കാരായ വിജാതീയരെ, സഭയിൽ ചേർക്ക യെന്നതു്, ഭിന്നിപ്പിനു വഴക്കിനും, കാരണമാകുന്നതാണു്. ആ കയാൽ അന്നത്തെ കാലസ്ഥിതിക്കു്, അതു് അധികാരത്തിനടുത്ത ഒരു പ്രവൃത്തിയായി പരിണമിച്ചു. യഥാർത്ഥ തൃപ്തിയില്ലാത്ത സംഗതികളും അധികാര സഹായത്താൽ സ്വീകരിക്കപ്പെടുന്നതു് ഒരു സാധാരണ സംഭവമാണല്ലോ. ഇങ്ങനെ ഇതു് അധികാര ത്തിനടുത്ത പ്രവൃത്തിയായതു മൂലമാണു്, വിജാതീയർക്കു് തിര ഞ്ഞെടുക്കപ്പെട്ട പാത്രമായ വി. പൌലോസിന്റെ പക്കൽ പോ കാതെ, സാക്ഷാൽ അധികാരിയും അപ്പോസ്തലപ്രഭുവുമായ പ ത്രോസിന്റെ അടുക്കൽ പോകുവാൻ മാലാഖ ശതാധിപനെ നി യോഗിച്ചതു്.

ആകയാൽ, നിത്യരക്ഷയേ പ്രതീക്ഷിക്കുന്നവരായി, സ ത്യത്തെ അന്വേഷിക്കുന്നവരായി, അകത്തോലിക്കസഹോദരന്മാരിൽ ആരെങ്കിലുമുണ്ടെങ്കിൽ, അവർ വേദപുസ്തകത്തിന്റെ കടലാസു കളെ മാത്രം മറിച്ചുകൊണ്ടിരുന്നാൽപക്ഷേഅതുകാണാതെവന്നേ

യ്ക്കാമെന്ന് വിനയപൂർസ്സരം തുറന്നു പറഞ്ഞുകൊള്ളുന്നു. രക്ഷ പ്രതീക്ഷിക്കുന്നവർ പത്രോസിനെ അന്വേഷിക്കട്ടെ; എന്നാൽ എന്തുചെയ്യണമെന്ന് അദ്ദേഹം പറഞ്ഞുതരും. അതേ, അന്നു ജോപ്പായിൽ താമസിച്ചിരുന്ന പത്രോസിന്റെ പിൻഗാമിയായി ഇന്നു റോമയിൽ വാഴുന്നപീയൂസ് പാപ്പാരാജനെ അന്വേഷിക്കുക; തൃപ്പാദത്തിൽ അണയുക; എന്നാൽ നിങ്ങൾ എന്തുചെയ്യണമെന്ന് അദ്ദേഹം പറഞ്ഞുതരും. അഥവാ അദ്ദേഹം വിദൂരസ്ഥിതനാണെന്ന്. അടുക്കൽ മതി എന്നാശിച്ചുകൊണ്ടിരുന്നാൽ ഈ അയുസ്സുകൊണ്ടെന്തുഫലം. അയതിനു പ്രയാസമാണെന്നോ, മാനക്ഷയമാണെന്നോ വിചാരിച്ചാൽ രക്ഷ കിട്ടുകയില്ല. പത്രോസിനാൽ മാത്രമെ കൊണ്ണീലിയസിന്റെ തൃഷ്ണപൂർത്തീകരിക്കപ്പെട്ടുകയുള്ളു. അതുകയാൽ നിത്യരക്ഷ ആശിക്കുന്ന അകത്തോലിക്ക സഹോദരന്മാർ, ജോപ്പായിലേ പത്രോസിന്റെ സാക്ഷാൽ പിൻഗാമിയായറോമാമാപ്പാപ്പായുടെപക്കൽ അഭയം തേടുവിൻ!!!

"വിദ്യാർത്ഥികളോട്."

(മെട്ടങ്ങാട്ടു സി. ജോസഫ് ചേന്നങ്കരി)

I

ശീലസമ്പാദനം

ഒരാളുടെ സ്വഭാവം അയാളുടെ ശീലങ്ങളെ അനുസരിച്ചിരിക്കുന്നു. അതുകൊണ്ടു "മനുഷ്യർ ശീലങ്ങൾകൊണ്ടുള്ള ഭാണ്ഡമാണു" എന്നു ഒരു മഹാൻ പറഞ്ഞിട്ടുള്ളതിൽ വലിയ തെറ്റൊന്നുമില്ല. ശീലങ്ങളാം നിഷ്പ്രയാസം സമ്പാദിക്കപ്പെടുന്നു. ദുഃശീലങ്ങളുടെ കാര്യത്തിൽ ഇതു പ്രത്യേകിച്ചും വാസ്തവമാണ്. ഇന്നാലോചിച്ചുനോക്കുമ്പോൾ ഒരു പ്രവൃത്തി വളരെ നിസ്സാരമായി തോന്നും. പക്ഷെ സച്ചരിതവാസത്തിനുള്ളിൽ അതു നിങ്ങളിൽ വേരുറച്ചുപോകും.

വിദ്യാർത്ഥികളെല്ലാം ഓരോതരം ശീലങ്ങൾ സമ്പാദിച്ചു വരുന്നു. അവരിൽ ഓരോരുത്തരുടേയും പ്രവൃത്തികളും അഭിഗ്രഹങ്ങളും വിചാരങ്ങളും ഓരോ പ്രത്യേകതരത്തിലായിരിക്കും. അവരുടെ സമയത്തെയും അവനവൻ ശീലിച്ച രീതിയിൽ ചെലവുചെയ്യുന്നു. നല്ലതായാലും അല്ലെങ്കിലും ഈ ശീലങ്ങൾ ക്ഷണത്തിൽ അവരുടെ സ്വഭാവത്തിന്റെ ഒരംശമായിത്തീരുന്നു. പത്തുപതു വർഷമായി വീട്ടിന്റെ ഒരേ ഭാഗത്തുതന്നെ ഇരുന്നും കിടന്നും കാലം കഴിച്ചു വന്ന ഒരു വയസ്സനെ സ്വസ്ഥാനത്തുനിന്നു മാറ്റി പാർപ്പിക്കുന്നതായാൽ അയാൾക്ക് അതുകൊണ്ടു മനസ്സിനു വളരെ അസ്വാസ്ഥ്യമുണ്ടാകുന്നില്ലേ? പ്രാൻസുരാജ്യത്തിൽ ബസ്റ്റീൽ എന്നു പ്രസിദ്ധപ്പെട്ട ഒരു കാരാഗൃഹമുണ്ടായിരുന്നു. വളരെനാൾ അവിടെ വസിച്ചിരുന്ന ഒരുവനെ വാർദ്ധക്യമായപ്പോൾ വിട്ടയച്ചു. എന്നാൽ ദീർഘകാലം ആ കാരാഗൃഹത്തിൽത്തന്നെ സദാസമയം കഴിച്ചുകൂട്ടേണ്ടിവന്നിരുന്നതുകൊണ്ടു അവനു പുറത്തിറങ്ങിയപ്പോൾ അത്ര സുഖമായില്ല. അതിനാൽ തനിക്കു സ്വാതന്ത്ര്യം വേണ്ടെന്നും തന്നെ വീണ്ടും ആ പഴയ ഇരുട്ടുമുറിയിൽ ഇട്ടിരുന്നാൽ മതിയെന്നും അവൻ ആവലാതി പറഞ്ഞു. തങ്ങളെക്കൊണ്ടുള്ള പ്രയോജനത്തെ കുറയ്ക്കുന്നവണ്ണം ഓരോ ദുഃശീലങ്ങൾ സമ്പാദിച്ചുപോയല്ലോ എന്നു മനസ്താപപ്പെടാത്തവർ മധ്യവയസ്ക്കന്മാരുടെ ഇടയിൽ വളരെ ദുർല്ലഭമായിട്ടുമാത്രമെ ഉണ്ടാകയുള്ളൂ. ആ ദുഃശീലങ്ങൾ അവരുടെ സ്വഭാവത്തിന്റെ ഒരംശമായിത്തീർന്നിരിക്കുന്നു. അതുകൊണ്ടു അവർക്ക് അവയെ വിട്ടുപിരിയുന്നതിനു നിവൃത്തിയില്ല. അല്ലെങ്കിൽത്തന്നെ അവയെ ത്യജിക്കുന്നതിനു വേണ്ട ധൈര്യം അവർക്കില്ല. നിത്യം ഓരോ ശീലങ്ങൾ സമ്പാദിക്കാതെ ഇരിക്കയില്ല. സ്വഭാവമായ ശീലങ്ങളില്ലാത്ത ഒരുവന്റെ സ്ഥിതി വളരെ ദയനീയമാണ്. പക്ഷെ ഒന്നു നിങ്ങൾ ഓർമ്മിക്കണം. സമ്പാദിക്കുന്ന ശീലങ്ങൾ നന്നായിരിക്കുകയും അവ നിങ്ങളുടെ സുഖത്തെയും നിങ്ങളെക്കൊണ്ടുള്ള പ്രയോജനത്തെയും ദിനംപ്രതി വർദ്ധിപ്പിക്കുകയും ചെയ്യുന്നതു് അത്യാവശ്യമാണു്. ഇപ്പോൾ വാങ്ങുന്ന ഒരു കോടാലി അജീവനാന്തം ഉപയോഗിക്കേണ്ടതാണെന്നു ഒരു വിറകുവെട്ടുകാരനോടു പറയുന്നതായിരു

ന്നാൽ തിരഞ്ഞെടുക്കുന്ന ആയുധം വളരെ നന്നായിരിക്കണമെ
ന്നു അവൻ പ്രത്യേകം നിഷ്ക്കർഷിക്കുകയില്ലയോ? ജീവാവ
സാനം വരെ ഒരൊറ്റ വസ്ത്രംതന്നെധരിക്കണമെന്നു ഒരുവനോട്ട
പറഞ്ഞാൽ ആ വസ്ത്രത്തിന്റെ ഗുണത്തിൽ അവൻ പ്രത്യേകം
ശ്രദ്ധിക്കുകയില്ലയോ? ഓരോ ശീലങ്ങളും തിരഞ്ഞെടുക്കുന്നതും
ഇതുപോലെ നിഷ്ക്കർഷിച്ചുവേണം. ദുശ്ശീലങ്ങളെ സമ്പാദിച്ച
ശേഷം മഹത്തോ ശ്ലാഘ്യമോ ആയ പ്രവൃത്തികളെ ചെയ്യണമെ
ന്നാഗ്രഹിക്കുന്നതു് ഒരു നല്ല കപ്പായം മുറുക്കെയിട്ടിട്ടു ദേഹം
കൊണ്ടു ഓരോ അഭ്യാസങ്ങളെ ക്ലേശലേശമെന്യെ ചെയ്വാൻ
ശ്രമിക്കുന്നതുപോലെയാണു്. അഭിലഷണീയമായ ഏതെങ്കിലു
മൊരുശീലം സമ്പാദിക്കുന്നതിനു വളരെ വിഷമമുണ്ടെന്നു കരുതി
അതിൽ നിന്നും പിൻമാറിക്കളയരുതു്; മനസ്സിരുത്തിശ്രമിക്കുന്ന
പക്ഷം അതു നിഷ്പ്രയാസം തന്നെ. പതിവായി ഒരു പ്രവൃ
ത്തി ചെയ്യണമെന്നിരിക്കട്ടെ. അതിനൊരുക്കിപ്പുസമയംവയ്ക്കണം.
പിന്നെ ദിവസംപ്രതി അതേസമയത്തുതന്നെ അതു ചെയ്വാൻ
ശ്രമിക്കണം. ആരംഭത്തിൽ അതു നിങ്ങളെ മുഷിപ്പിക്കുമായിരി
ക്കാം. പക്ഷെ ആദ്യമെത്രമുഷിച്ചിലുണ്ടായാലും ക്ലിപ്തസമയത്തു മു
ടക്കമില്ലാതെ ദിവസംപ്രതി ആ പ്രവൃത്തി ശീലിക്കുന്നുവെങ്കിൽ
ഒടുവിലതു് രസകരമായിത്തീരും. നമുക്കു ശീലങ്ങളുണ്ടാകുന്നതു
ഇപ്രകാരമാകുന്നു. നിങ്ങൾക്കു് എട്ടോപത്തോ മണിക്കൂർ പുസ്ത
കപാരായണം ചെയ്യുന്നതിനു വലിയ ക്ലേശമൊന്നുമില്ലായിരിക്കാം
എന്നാൽ ഒരു ക്രിക്കാരനോ, ദേഹപ്രയത്നം മാത്രം ചെയ്തു ശീ
ലിച്ചിട്ടുള്ള മറ്റാരെങ്കിലുമോ അതേതരത്തിൽ വായിക്കുവാൻ തുട
ങ്ങിയാൽ അതു വളരെ വിഷമമായി തോന്നിക്ഷണത്തിൽ അതി
ൽ നിന്നും അയാൾ പിൻമാറുന്നതുകാണാം.

അടുത്തതായി ഈ ശീലം സമ്പാദിക്കുന്ന മാർഗ്ഗം എങ്ങ
നെ എന്നു വിചിന്ത ചെയ്യാം.

"ദൈവത്തിനു് അറിയാം എന്റെ പേരു്."

(റവ. ഫാദർ പയസ്സു് റെറ്റി. ഒ. സി. ഡി.)

കുറെ വർഷങ്ങൾക്കു മുൻപു് അയർലണ്ടുകാരിയായ ഒരു നിർദ്ധന അമേരിക്കായിൽ കൂടി കയറി പാർത്തു. വേലചെയ്താണു് നിത്യവൃത്തി കഴിച്ചുപോന്നതു്. ഇതിനിടക്കു അയർലണ്ടിൽ ഒരുക്ഷാമം ഉണ്ടായി. ക്ഷാമപീഡിതരായ സ്വദേശികളെ കഴിയുന്നത്ര സഹായിക്കണമെന്നു കരുതി ഇവർക്കുറെനാണയങ്ങളുമായി ഒരുദിവസം ഒരു പട്ടക്കാരന്റെ പക്കൽചെന്നു് പ്രസ്തുത സംഖ്യ അയർലണ്ടിലേക്കയച്ചുകൊടുക്കണമെന്നു അഭ്യർത്ഥിച്ചു. ഉടനെ

പട്ടക്കാരൻ- "എത്രമാത്രം കൊടുക്കാൻ നിനക്കു സാധിക്കും?"

നിർദ്ധന- "എന്റെ പക്കൽ ഒരുന്നൂറോളാ ഡോളറുണ്ടു്. (ഏകദേശം 260 രൂപാ) അതുമുഴുവനും കൊടുത്തേയ്ക്കാം"

കൂലിവേലക്കാരിയായ ഒരാളിന്റെ സ്ഥിതിയും അത്രയും പണം ധർമ്മം കൊടുക്കുന്നതു് ഉചിതമല്ലെന്നും അതു സ്വശക്തിയിൽ കവിഞ്ഞ ഒരു തുകയാണെന്നും അവളെ പറഞ്ഞു മനസ്സിലാക്കുന്നതിനു് അദ്ദേഹം വളരെ ശ്രമിച്ചു. ഒന്നും പറഞ്ഞിയില്ല. അവളുടെ നിശ്ചയത്തിനു് ഒരണുപോലും വ്യത്യാസം നേരിട്ടില്ല. "സ്വൽപസഹായമെങ്കിലും ചെയ്തുകൊടുക്കുന്നതിനു സാധിച്ചല്ലോ എന്നു ഓർക്കുന്നതുതന്നെ എനിക്കു ഭാഗ്യം"; "പട്ടിണിയിൽനിന്നും മരണത്തിൽനിന്നും എട്ടാനും കുടുംബങ്ങളെ ഞാൻ രക്ഷിച്ചെടുത്തുവെന്നു് ഓർക്കുന്നതു് എന്നെ ഒന്നുകൂടി ഭാഗ്യവതിയാക്കിതീർക്കും എന്നായിരുന്നു അവളുടെ മറുപടി.

ഇതു കേട്ടമാത്രയിൽ പട്ടക്കാരന്റെ കണ്ണുകൾ രണ്ടും നിറഞ്ഞുകഴിഞ്ഞു. കുറുതലായി ഒന്നും പറയാതെ വേഗം പണം എടുത്തുകൊണ്ടു്

പട്ടക്കാരൻ- "നിന്റെ പേർ പ്രസിദ്ധം ചെയ്യണമെന്നു ഞങ്ങൾക്കു് ആഗ്രഹമുണ്ടു്. അതു് എന്താണെന്നു പറഞ്ഞാലും."

നിർബ്ബന്ധ വിസ്മയഭരിതയായി തീർന്നശേഷം, "എന്റെ പേരോ! അച്ചൻ അതിനെപ്പറ്റി ഒന്നും വിചാരിക്കേണ്ട. ഭയവായി ഇതു അയച്ചു കൊടുത്താൽ മാത്രം മതി. ദൈവത്തിനു് അറിയാം എന്റെ പേർ. അതു ധാരാളം മതി.

കണ്ടാലും! സ്വാർത്ഥം ലേശംപോലും കലരാത്ത പരസ്നേഹം!!

"ഞങ്ങൾക്കും കത്തോലിക്കരാകണം."

(റവ. തോമ്മസ് കളം, കാവാലം.)

ആസ്ത്രേലിയായിലുള്ള പാപ്പുവാ എന്ന സ്ഥലത്തു് നവപൂജ അപ്പിച്ചതിന്റെ സപ്തഷ്ടിജൂബിലി സാഘോഷം നടത്തിയ അവസരത്തിൽ, അജ്ഞാനികളും കലഹപ്രിയന്മാരും മനുഷ്യമാംസഭോജികളുമായ ഒരു സംഘം ആളുകളും അവിടെ സന്നിഹിതരായിരുന്നു. ഇവരെ ക്ഷണിച്ചിട്ടില്ലായിരുന്നെങ്കിലും ഈ തിരുനാളിനെപ്പറ്റി അവർ കേൾക്കയും സ്വദേശികളായ കത്തോലിക്കർ അതിൽ പങ്കുകൊള്ളുന്നതിനു പോകുന്നതിനെ അവർ കാണുകയും ചെയ്തപ്പോൾ അവരും ആ സ്ഥലത്തേക്കു നടകൊണ്ടു. അവിചാരിതമായ ഇവരുടെ ആഗമനംമൂലം വല്ല ലഹളയും ഉണ്ടായേക്കുമെന്നു് പലരും വിചാരിക്കാതിരുന്നില്ല. എന്നാൽ ഇവർ മനുഷ്യരെ തേടി പിടിക്കാനല്ല അവിടെ പോയതു്. പിന്നയോ കത്തോലിക്ക വൈദികരെ ഒരു നോക്കു കാണുന്നതും അവരുടെ വസതികളിലേക്കു് ക്ഷണിക്കുന്നതും ആയിരുന്നു ഇവരുടെ സന്ദർശനോദ്ദേശ്യം. "വന്ദ്യ വൈദികരേ! നിങ്ങൾ വരിക, വേഗം വരിക. ഞങ്ങളുടെ മല മുകളിലും കുന്നിന്റെ പുറത്തും ക്രിസ്തുവിന്റെ കുരിശിനെ കൊണ്ടുവന്നു സ്ഥാപിക്കുക. ഞങ്ങളുടെ ഇടയിലും കത്തോലിക്ക പള്ളികളെ പണിയുക. ഞങ്ങളുടെ നിരർത്ഥകങ്ങളായ പൂർവ്വാചാരങ്ങളേയും കപട മതത്തേയും ഉപേക്ഷിച്ചിട്ടു് ഞങ്ങളും ദൈവത്തിന്റെ മക്കളായി തീരാം. ഞങ്ങളും

റോമാമാപ്പ്പ്പായുടെകീഴുള്ളകത്തോലിക്കരാകാം" എന്നു് നരമാം സഭക്കുകളുടെ നേതാവു് ഉയന്ന സ്വരത്തിൽ വിളിച്ചു പറഞ്ഞു.

ഈ ക്ഷണം പ്രേഷിതരെ അനല്പമായി അത്ഭുതപരതന്ത്രരാക്കിയെങ്കിലും പാപ്പുവായിലുള്ള ആധുനിക കത്തോലിക്കർ ഒരു കാലത്തു് ഇന്ന ക്ഷണിച്ച കിരാതവർഗ്ഗക്കാരെക്കാം നീചന്മാരും വജ്രഹൃദയന്മാരുമായിരുന്നെന്നു് സ്മരിച്ചപ്പോൾ അവർ അത്ഭുതപ്പെടേണ്ടിയ ആവശ്യമില്ലായിരുന്നു. പാപ്പുവായിൽ ഇടംപ്രഥമമായി വേദപ്രചാരണ ജോലി ആരംഭിച്ചതു് ഈ നൂറാണ്ടിന്റെ ആരംഭദശയിൽ ആയിരുന്നു. അന്നു തൽപ്രവർത്തകന്മാരോടുണ്ടായിരുന്ന ശത്രുത നിമിത്തം സ്വജീവസംരക്ഷണാർത്ഥം അവരെല്ലാം സ്ഥലം വിട്ടോടി. എങ്കിലും പാപ്പുവായുടെ മെത്രാനായി അഭിഷേകം ചെയ്ത ആലിയൻ മെത്രാന്റെ നിരന്തരമായ പരിശ്രമം കൊണ്ടു് ഫൻഠ മേ ഫവ്വ-ാംതീയതി അവിടെ നവപൂജ അർപ്പിക്കുന്നതിനു സാധിച്ചു. അതിന്റെ സ്മരണയാണു് ഏതാനും മാസങ്ങൾക്കു മുമ്പു് ആഡംബരപൂർവം ഘോഷിക്കപ്പെട്ടതു്.

പ്രേഷകവേലതുടങ്ങിയ ആ കാലത്തു് അവിടെ ഭേദപ്രയുദ്ധങ്ങളും സമരങ്ങളും നിരവധി നിരന്തരമായി നടന്നുവന്നു. ആ ദിഗ്വാസികൾ ക്രൂരം ചേന്നു് ആയുധപാണികളായിട്ടല്ലാതെ ഒരിക്കലും തനിച്ചു നടക്കുക പതിവില്ലായിരുന്നു. നിസ്സാര കാര്യങ്ങൾക്കായിട്ടുപോലും വാദപ്രതിവാദങ്ങളുണ്ടായാൽ ആ കിരാത വർഗ്ഗക്കാർ ംഌഛന്മാരേപ്പോലെ അവരുടെ പ്രതിയോഗികളെ കൂവടികൊണ്ടടിച്ചു് കോടാലികൊണ്ടു് ശിരശ്ഛേദംചെയ്യുവാനിരുന്നതു ഒരുസാധാരണസംഭവമായിരുന്നുവത്രെ. അജ്ഞാനികർ കഴിഞ്ഞ ഇരുപതു കൊല്ലത്തേക്കു് ക്രിസ്ത്യാനികർക്കെതിരായി സമരംനടത്തിയെങ്കിലും അവരുടെ ശ്രമങ്ങളെല്ലാം നിഷ്ഫലമായതേയുള്ളൂ. ദൈവം അനുവദിച്ച സമയം ആസന്നമായപ്പോൾ സംഗതികളുടെഗതിമാറിവീണു. പള്ളികളുടേയുംപള്ളിക്കൂടങ്ങളുടേയും ദീർഘനാളത്തെരഹസ്യമായ വേലയുടെഫലം പ്രത്യക്ഷപ്പെട്ടുതുടങ്ങി. പ്രേഷിതവേല ആരംഭിച്ചിട്ടു് മിന്നൽവേഗത്തിൽ ആ നാടെല്ലാം പടർന്നുപിടിച്ചു. സമൂഹമായുള്ള മാനസാന്തരത്തെ സകാരണം പ്രേഷിതർ ഭയപ്പെട്ടിരുന്നെങ്കിലും ക്രിസ്തുവിനു വേണ്ടി എന്തും സഹിക്കുന്നതിനും വേണ്ടിവന്നാൽ പ്രാണനേപ്പോലും ബലികഴിക്കുന്നതിനും സന്നദ്ധരായിരുന്ന ആ ജ്ഞാനാർത്ഥികളുടെ അപേക്ഷയെ പാടെ നിഷേധിക്കുന്നതിനു് ആ വൈദികർക്കു ശക്തിയില്ലായിരുന്നു. മതതീക്ഷ്ണതാധിക്യം മൂലം കത്തോലിക്കരുടെ

സംഖ്യ ൦൦൦-ൽ നിന്നു് ൪൦൦൦ ആയി പരിണമിച്ചു.

ഇപ്പോൾ ൪ വൈദികരും ൧ സഹോദരന്മാരും ൧ കന്യാസ്ത്രീകളും ഫ്രെ ഉപദേശികളും അവിശ്രമമായി പരിശ്രമിച്ചിട്ടും ആ വിശ്വാസികളുടെ ആത്മീകാവശ്യങ്ങൾ പരിപൂർണ്ണമായി സാധിച്ചുകൊടുക്കാൻ പ്രയാസമാണു്. ആ ജൂബിലി മഹാ മഹത്തിൽ ആ മനുഷ്യർക്കുകളുടെ നിസ്വാർത്ഥമായ സഹായസഹകരണങ്ങളും ഭക്തിതീക്ഷ്ണതാപരമായ പ്രവൃത്തികളും കണ്ടിട്ടു് പൂർവ്വ ക്രിസ്ത്യാനികൾ അത്ഭുതപരതന്ത്രരായി. ആഘോഷത്തിൽ ഭാഗഭാക്കളാകുന്നതിനു് മനുഷ്യർക്കുകളിൽ പലരും രണ്ടു മൂന്നു ദിവസം കുന്നുകളും മലകളും തരണം ചെയ്തശേഷമാണു നിശ്ചിത സ്ഥലത്തെത്തിയതു്. പഴയ ക്രിസ്ത്യാനികളിൽ ഏതാൻ ആളുകൾ ഈ ജൂബിലി ആഘോഷത്തിൽ വി. കുർബാന സ്വീകരിച്ചു. ഈ സുദിനത്തിൽ ആ നരഭോജികൾ പ്രദർശിപ്പിച്ച ഭക്തിബഹുമാനാദരവു് അവർ മുമ്പു് ചെയ്ത ദുഷ്കൃത്യങ്ങൾക്കു് ഒരു യഥാർത്ഥപരിഹാരമാണെന്നു് ഏതു ഭൗതികസാക്ഷിക്കും അനായാസേന മനസ്സിലാക്കാം "എന്റെ നാമം പുറജാതികളുടെ ഇടയിൽ വലുതാണെന്നുള്ള" പ്രവചനം അക്ഷരാർത്ഥം നിറവേറുന്നതിനായി ക്രിസ്തുവിന്റെ വിജയപതാക വിജന പ്രദേശങ്ങളിൽ പോലും സമാധാന ചിഹ്നമായി കളിയാടുന്നു! ക്രിസ്തുവിന്റെ യഥാർത്ഥമായ ആട്ടിൻ കൂട്ടത്തിൽ നിന്നു് വൃതിചലിച്ചു നടക്കുന്നവരെല്ലാം ഇടയന്റെ സ്വരത്തെ ശ്രവിച്ചു സന്മാർഗ്ഗ പന്ഥാവിലേക്കു് അചിരേണ ആനയിക്കപ്പെടട്ടെ.

വേദപ്രചാരപ്പണപ്പിരിവു്.

				രൂ.	ച.	കാ.
വ. ദിവ്യശ്രീ പാറേമ്മാക്കൽ മത്തായി ക.						
	ചേപ്പുങ്കൽ പള്ളിവികാരി	...	...	5	0	0
ശ്രീമാൻ	ചിറക്കടവിൽ മാത്തു അവർകൾ തുരുത്തി	...	...	3	0	0
,,	അക്കരെ ആലഞ്ചേരിൽ പീലിപ്പോസു് അ.	...		1	0	0
	ഒരു ഗുണകാംക്ഷി	...	...	2	0	0
,,	കുരിശുങ്കൽ കൊച്ചുമാത്തു അ. മുട്ടുചിറ	...		1	12	4
	ചില്ലറത്തുകകൾ	...	...	0	22	0
			ആകെ	13	5	12

ചങ്ങനാശേരി
൧൯൩൦ ഡിസംബർ ൧൫.

മുരിക്കൽ പീലിപ്പോസു് ക.
വേദപ്രചാര അസി. ഡയറക്ടർ.

"റഷ്യയിലെ യുവാജനങ്ങൾ."

ജനുവരിമാസത്തിലെ പൊതുനിയോഗം.



യൂറോപ്പിനും ഏഷ്യയ്ക്കും മദ്ധ്യത്തിൽകിടക്കുന്ന അതിവിസ്തൃത മായ റഷ്യാമഹാരാജ്യം ഇപ്പോൾ ഒരു വലിയ വിപ്ലവകേന്ദ്രമായി തീ ന്നിരിക്കുന്നു. ആ മഹാരാജ്യത്തിലെ ഭരണാധികാരികളുടെ സ്വേച്ഛാ പ്രഭുത്വവും തോന്ന്യാസവുംമൂലം അവിടത്തെ പൊതുജനങ്ങളുടെ ഇട യിൽവലിയ അധികാരധിക്കാരവും പകയും വർദ്ധിച്ചുവന്നു. റഷ്യാച ക്രവർത്തികൾ മതത്തലവന്മാർക്കുടി ആയിരുന്നതുമൂലം പൊതുജനനി ന്ദയ്ക്ക് അവരുടെ മതതത്വങ്ങളും വിഷയമായി തീരുകയുണ്ടായി. ഇ തിന്റെ ഫലമായി, ഒരു വ്യാഴവട്ടക്കാലത്തിനു മുമ്പുനടന്ന മഹായു ദ്ധവേളയിൽ റഷ്യയിലെ വിപ്ലവകാരികൾ രാജാവിനേയും രാജകു ടുംബത്തെയും വെടിവെച്ചുകൊല്ലുകയും മതത്തിനെതിരായി യുദ്ധപ്ര ഖ്യാപനം ചെയ്യുകയും ചെയ്തിരിക്കുന്നു. മതമെന്നുള്ളതു് വേണ്ടാംഎ ന്നവരുമ്പോൾ സന്മാർഗ്ഗനിയമങ്ങളുടെ അടിവേരറിഞ്ഞു പോകുമല്ലോ. അപ്പോൾ കുടുംബജീവിതവും സമുദായാഭിവൃദ്ധിയും സ്വാതന്ത്ര്യവും എ ല്ലാം ക്രമേണ നഷ്ടീഭവിക്കും.

റഷ്യയിലെ യുവജനങ്ങൾ ഇപ്പോൾ ഈ അത്യാഹിതത്തിൽപെട്ടു നട്ടംതിരികയാണ്. കുടുംബബന്ധമോ, സന്മാർഗ്ഗനിയമത്തിന്റെ അഭയമോ, മതത്തിന്റെ ആലംബമോ കൂടാതെയാണ് ഇപ്പോഴത്തെ റഷ്യൻയുവജനത വളർന്നുവരുന്നത്. ഇവരുടെ ജീവിതക്രമത്തിന്റെ ദുഷ്ടലങ്ങൾ കഴിയുന്നത്രവേഗത്തിൽ അവരിൽനിന്നു ദൂരീകരിക്കപ്പെടുന്നതിനും ക്രിസ്തുവിന്റെ രാജ്യത്തിൽ ക്രിസ്തുവിന്റെ സമാധാനം പുനഃസ്ഥാപിക്കപ്പെടുന്നതിനും നാമെല്ലാവരും ഈ മാസത്തിൽ ഉള്ളുഴിഞ്ഞു പ്രാർത്ഥിപ്പാറാകണം.

വാർത്താസംഗ്രഹം

വർത്തിക്കാൻ ദൂരശബ്ദനി:—ഇക്കഴിഞ്ഞ നവംബർ ഫൻ–ാം തീയതി മാപ്പിപ്പാ തിരുമനസ്സുകൊണ്ടു വർത്തിക്കാൻ ദൂരശബ്ദിനിയന്ത്രം (Telephone) ഒരു ലഘുപ്രസംഗത്തോടുകൂടി ഉൽഘാടനംചെയ്യുകയുണ്ടായി. ഈ യന്ത്രം മുഖേനയാണ് അമേരിക്കയിലെ ന്യൂയോർക്ക് പട്ടണവും വർത്തിക്കാൻ നഗരവുമായുള്ള ആദ്യസംഭാഷണം നടന്നതു്.

നവവൈദികർക്കുമംഗളം:—ഈ കൊല്ലം പുത്തൻപള്ളി സെമിനാരിയിൽവച്ചു് നടന്ന വൈദികർക്കു പട്ടം ലഭിച്ചിരിക്കുന്നതിൽ ഏഴുപേർ ചങ്ങനാശ്ശേരി രൂപതയിൽ പെട്ടവരാണ്. ഇവരെക്കൂടാതെ ഈയാണ്ടിൽകാന്റിസെമിനാരിയിൽ പട്ടമേറ്റവരായി രണ്ടുവൈദികരും മംഗലാപുരത്തുനിന്നു പട്ടം സ്വീകരിച്ചവരായി വേറെ രണ്ടു വൈദികരും ചങ്ങനാശ്ശേരി രൂപതയിൽ പെട്ടവരായിട്ടുണ്ട്.

പതിനെട്ടു കന്യകകൾ:—'പ്രായോഗികമായവേദപ്രചാരണം' എന്നതലക്കെട്ടിൽ റവ. ഫാ. ജോർജ്ജു വയലിൽ മദ്ധ്യസ്ഥനിൽ പ്രസിദ്ധം ചെയ്തിരുന്ന ലേഖനം വായിച്ചതിന്റെ ഫലമായി കേരളത്തിൽ നിന്നും ഏഴു കന്യകകൾ വിശുദ്ധ പട്ടണത്തിലേക്കു് വേദപ്രചാരണാർത്ഥം നവവത്സരാരംഭത്തോടുകൂടി പുറപ്പെടുന്നതാണെന്നറിയുന്നതിൽ സന്തോഷിക്കുന്നു.

യുവജനസഖ്യം:—കോട്ടയം കത്തോലിക്കു് യുവജനസഖ്യത്തിന്റെ വാർഷിക സമ്മേളനം ഇക്കൊല്ലം ചങ്ങനാശേരി മെത്രാനച്ചന്തിരുമനസ്സിലെ അദ്ധ്യക്ഷത്തിൽ ഒല്ലൂർവച്ചു് നടക്കുകയും തദവസരത്തി

ൽ റാദർ ഒണേരെയുടെ ഗ്രൂപ്പട്ട സപ്ലിമ്മെന്റ്ബിലി ആക്ഷോഷിക്കപ്പെട്ട കയുമുണ്ടായി. ബഥനി മെത്രാപ്പോലീത്താ തിരുമനസ്സിലെ സാന്നിദ്ധ്യവും പ്രസംഗവും ഇക്കൊല്ലത്തെ സമ്മേളനത്തിനു ഒരു പ്രത്യേക പ്രാധാന്യം പ്രദാനം ചെയ്തുണ്ടായി,

സമ്മാനം ലഭിക്കുന്നു:—യുവജനസഖ്യത്തിൽ നിന്നും കൊടുക്കാവുള്ള ഇംഗ്ലീഷ് ഗദ്യരചനയ്ക്കുള്ള മെഡൽ ഇക്കൊല്ലം ചങ്ങനാശേരി സെൻറു ബർക്കുമൻസ് ഹൈസ്ക്കൂൾ വിദ്യാർത്ഥി മി. എം. ടി. ജോസഫിനും മലയാളം ഗദ്യരചനയ്ക്കുള്ള സമ്മാനം ടി. സ്കൂളിലെ മി. എം. എം. കുഞ്ഞനും ലഭിച്ചിരിക്കുന്നു.

വിദ്യാഭ്യാസ സംഘടന:—മദ്രാസിലെ കത്തോലിക്കാ വിദ്യാഭ്യാസ കൌൺസിലിന്റെ രൂപാ മതു യോഗം നടന്നുകഴിഞ്ഞിരിക്കുന്നു. സംസ്ഥാനത്തെ കത്തോലിക്കു വിദ്യാലയങ്ങളുടെ ഭാവിയെ ശോഭനമാക്കുന്നതിലേയ്ക്കു ഒരു സ്ഥിരസ്ഥാപനം മദ്രാസിൽ ഉണ്ടായിരിക്കേണ്ട ആവശ്യകതയേപ്പറ്റി അവിടെ പര്യാലോചിക്കുന്നതാണു്. മദ്രാസിലെ ആവശ്യം തിരുവിതാംകൂറിലുമുണ്ടു്. ആവശ്യം സൃഷ്ടിയുടെ മാതാവാണെന്നുള്ള പഴമൊഴി ഇവിടെ പ്രത്യേകം ഓർമ്മിക്കേണ്ടിയിരിക്കുന്നു.

നന്ദിപൂർവ്വം കൈപ്പറ്റി:—ദിവ്യകാരുണ്യ ഭക്തൻ; ഏശയ്യായുടെയും യെരമ്യായുടേയും ദിഷ്ടദർശനങ്ങൾ; ശുദ്ധീകരണസ്ഥലവും ആത്മാക്കളും; ചിന്താമാലിക; ആനന്ദകൌമുദി എന്നീ പുസ്തകങ്ങൾ ഇവിടെ അയച്ചു തന്നിട്ടുള്ളതു നന്ദിപൂർവ്വം കൈപ്പറ്റി. അഭിപ്രായം അടുത്തതിൽ.

ഉപകാരസ്മരണകൾ.

അസാദ്ധ്യമെന്നു വിചാരിച്ചിരുന്ന ഒരു കാര്യം ദൈവകൃപയാൽ നിഷ്പ്രയാസം സാധിച്ചതിനു് ഉപകാരസ്മരണയായി രണ്ടു രൂപാ അയക്കുന്നു. ഒരു കത്തോലിക്കൻ

ഒരു കാര്യം സാധിച്ചതിനു ഉപകാരസ്മരണയായി രണ്ടു രൂപാ അയക്കുന്നു. എ. ററി. വക്കി

അസാദ്ധ്യമെന്നു കരുതിയിരുന്ന ഒരു കാര്യം വിശുദ്ധ ററീത്താ പുണ്യവതിയുടെ സഹായത്താൽ സാധിച്ചതിനു് ഉപകാരസ്മരണയായി ഒരു രൂപാ അയക്കുന്നു സിസ്റ്റർ മേരി ക്ലാര ചങ്ങനാശേരി

മരണവാർത്തകൾ

പാലാപള്ളി ഇടവക കടമ്പിക്കാട്ടിൽ ബ. മത്തായി അച്ചന്റെ മാതാവ് ശ്രീമതി റോസ് അന്തിമ കൂദാശകളെല്ലാം സുബോധത്തോടെ കൈക്കൊണ്ടു് ഇക്കഴിഞ്ഞ ഒക്ടോബർ ഠ൯=ാം തീയതി ൯൩.-ാമത്തെ വയസ്സിലും

ചങ്ങനാശേരി ഭരണങ്ങാനം പള്ളിയിടവക തുറവാതുക്കൽ ദേവസ്യാ ചെറിയാൻ അന്ത്യ കൂദാശകളെല്ലാം സുബോധത്തോടെ കൈക്കൊണ്ടു് ഈ ഡിസംബർ ഠഠ—ാം തീയതി ൭൩ാമത്തെ വയസ്സിലും

തുരുത്തി പള്ളിയിടവക വെള്ളേക്കളത്തിൽ ഔസേപ്പു് കുറിയാക്കോ അന്ത്യ കൂദാശകളെല്ലാം സുബോധത്തോടെ കൈക്കൊണ്ടു് ഠ൭. മത്തെ വയസ്സിലും കർത്താവിൽ നിദ്രപ്രാപിച്ചിരിക്കുന്നു. ഇവരുടെ ആത്മാക്കൾക്കുവേണ്ടി വിശ്വാസികൾ പ്രാർത്ഥിപ്പാറാകണം.

പരസ്യം

വി. പ്രാസീ. മൂ. സക്കോർ ഉപയോഗിക്കുന്നതിനുള്ള ഒന്നാംതരം തുണിയും, പള്ളികളിലേയും മറ്റും ഉപയോഗത്തിനു വേണ്ട പലനിറത്തിലുള്ള ജവുക്കാളങ്ങളും ന്യായവിലയ്ക്കു് ഇവിടെ കിട്ടുന്നതാണു്.

സെൻറ് ജോസഫ്സ് ഓർഫനേജ് നെയ്ത്തുശാല,
അരമന, ചങ്ങനാശേരി.

കത്തീഡ്രിക്കൊയ്മം.

No 13

ദൈവകൃപയാലും

പരിശുദ്ധ സിംഹാസനത്തിന്റെ മനോഗ്രണത്താലും

ചങ്ങനാശേരി രൂപതയുടെ

മെത്രാനായ നാം



കാളാഗ്ഗേരിൽ ജെയിംസു

മെത്രാൻ.

നമ്മുടെ അധികാരത്തിൽപ്പെട്ട പള്ളികളിലെ ബ. വികാരിമാക്കും, അസിസ്റ്റന്തിമാക്കും ശേഷംപട്ടക്കാക്കും, സന്യാസാന്തസ്സുകാക്കും വിശ്വാസികൾക്കും എല്ലാവക്കും നമ്മുടെ കർത്താവീശോമിശിഹായിൽ സമാധാനവും വാഴ്വും.

വന്ദ്യസഹോദരരെ, സ്നേഹിക്കപ്പെട്ട മക്കളെ.

നമ്മുടെ രൂപതയിലുംപ്പെട്ട ഓരോഇടവകകളിലും തിരുക്കർമ്മങ്ങൾ ആദിയായവയ്ക്ക് ഇപ്പോൾ സ്വീകരിച്ചുവരുന്ന ധർമ്മനിരക്കിനു് ഏകീകരണമില്ലാത്തതുകൊണ്ടു് പലേകഴപ്പങ്ങൾക്കും, ആവലാതികൾക്കും കാരണമാകുന്നെന്നു് നമുക്കു് ബോദ്ധ്യപ്പെട്ടതിനാൽ, തത്സംബന്ധമായി ഒരു ഐകരൂപ്യമുണ്ടാക്കേണമെ

ന്നുള്ള ഉദ്ദേശ്യത്തോടുകൂടി ഓരോ ഇടവകകളിൽനിന്നും നടപ്പിലിരിക്കുന്ന നിരക്കു എഴുതിവരുത്തി അവയെ വേണ്ടവിധം പരിശോധിച്ചു് ഭൂരിപക്ഷമനുസരിച്ചുള്ള നടവടിയിൽ, പൊ. ബ. ആലോചനക്കാരുടേയും, ബ. വൈദികരുടേയും, അഭിപ്രായമനുസരിച്ചു വേണ്ടഭേദഗതികംവരുത്തി ഇതുസഹിതമയക്കുന്നു.

ഫൻനുഫ ജനുവരി ന്യ-ാംനു- ദനഹാതിരുനാൾ മുതൽ ഈ പുതിയ പടിസാധനം നമ്മുടെ ശ്രൂപത ഒട്ടുക്കു് നടപ്പിലാക്കേണ്ടതാണു്. ഇതിലെ നിശ്ചയത്തിനു് വിപരീതമായുള്ള എല്ലാ ദക്രേത്തുനിശ്ചയങ്ങളും പള്ളിനടവടികളും ഇതിനാൽ നാം അസ്ഥിരപ്പെടുത്തിയിരിക്കുന്നു.

ബാവായുടേയും, പുത്രന്റേയും, റൂഹാദക്കുദശായുടെയും നാമത്തിൽ എല്ലാവരെയും നാം ആശീർവ്ദിക്കുന്നു.

ചങ്ങനാശേരിനമ്മുടെ
അരമനയിൽനിന്നും
ഫൻനുഠ. ഡി. റ-ാംനു-
ന. ക. പിറവി.തി. ദിനം.

കാളാശേരിൽ ജയിംസു
മെത്രാൻ.

N. B. ഈ കല്പനയും പടിസാധനത്തിൽ വിശ്വാസികൾ അറിഞ്ഞിരിക്കേണ്ട ഭാഗങ്ങളും അടുത്ത രണ്ടു കടമുള്ള ദിവസം കുർബാനയുടെ ഏുവൻഗേലിയോൻ കഴിഞ്ഞു് പള്ളയിൽ വായിക്കേണ്ടതാണു്.

പടിസാധനം ആവശ്യമുള്ളവർ അരമനയിൽ ആവശ്യപ്പെട്ടാൽ കിട്ടുന്നതാണെന്നും അറിയിച്ചുകൊള്ളുണം.

വായനക്കാരുടെ

പ്രത്യേകശ്രദ്ധയ്ക്ക്.

"മദ്ധ്യസ്ഥൻ" മാസികയുടെ ൩-ാം പുസ്തകത്തിന്റെ ൭-ാം ലക്കമാണല്ലൊ ഇപ്പോൾ പുറപ്പെടുന്നതു്. മാസികയുടെ ക്രമപ്രവൃദ്ധമായ നടത്തിപ്പിൽ അതിനു് അവശ്യമായ പല പരിഷ്കാരങ്ങളും ഇനിയും വരുത്തുന്നതിനുതന്നെയാണു് ഞങ്ങൾ ഉദ്ദേശിക്കുന്നതു്. എന്നാൽ ധനവിഷയത്തിലുള്ള അതിന്റെ വിഷമത ഞങ്ങളെ ഭഗ്നോത്സാഹരാക്കുകയും ചെയ്യുന്നു.

അതിനാൽ മാസികാബന്ധുക്കളോരോരുത്തരും മൂന്നാംപുസ്തകത്തിന്റെ ഓരോ കൃപാവീതമുള്ള സംഖ്യയും കൂടിശികയുണ്ടായിരുന്നാൽ ആ സംഖ്യയും ഉടനേതന്നെ കൊടുത്തു് രസീതു വാങ്ങിക്കൊള്ളാനപേക്ഷ. അടുത്ത ഫെബ്രുവരി ൧൫-ാം തീയതിക്കകം പണം തരാത്തവക്കു് മാസിക തുടന്നയയ്ക്കാതിരിപ്പാൻ ഞങ്ങൾ നിർബന്ധിതരാകുമെന്നുള്ള വിവരംക്രടി അറിയിച്ചുകൊള്ളുന്നു.

മാനേജർ.

പഞ്ചാംഗം

ജനുവരി ൧൯൫൫.

ഇം.	മല.		
൧	൧൭	വ്യാ.	✠ ന. ക. ഛേദനാചാരം.
			നാളെ ആദ്യവെള്ളി.
൨	൧൮	ഞാ.	✠ കുത്തിപ്പൈത. എട്ടാം. ഹറ് ന ഹറ്.
			അടുത്ത ചൊവ്വാ കടം.
൩	൧൯	ചൊ.	✠ ന. ക. ദൈനഹാ.
൪	൧൭	ഞാ.	✠ ദന. ൪-ാം ഞാ. കട് ൪ കട്.
൫	൪	ഞാ.	✠ ദൈന. ൫-ാം ഞാ. കട് ൫ മെസ്സ്.
൬	൨൧	ഞാ.	✠ ദൈന. ന-ാം ഞാ. ഹറ് ന ഹറ.

അടുത്ത തിങ്കൾ ചൊവ്വ; ബുധൻ മൂന്നുനോമ്പു് ഇ. വി.

Reg. No. T. 213. ചേ. പ്ര. മഠാധിപൻ.

പ്രത്യേക നോട്ടീസ്.

ഒന്നുമുതൽ അമ്പുവരെ കൂപ്പികൾ നിറയ്ക്കാവുന്ന സോഡാ മിഷ്യൻ സും, സോഡാക്കുപ്പി, ഗാസ്സ്കറ്റി, എസൻസ്, റബർ, ബ്രഷ്, സൈക്കിൾ, ഗ്രാമഫോൺ, പ്ലേയിറ്റ്സ്, ഹർമ്മോണിയം മുതലായതും ഗാസ് ലൈറ്റ്, പെട്രോൾമാക്സ്, ബേബിലാന്റേൺ, ഇലക്ട്രിക് അടിയായ വിളക്കുകളും ഇവയുടെ ഓരോ സാധനങ്ങളും മിതമായ വിലയ്ക്കും ക്രമത്തിനും കൊടുക്കുന്നതാണ്. ക്രമാതെ ടി. സാമാനങ്ങൾ കുറഞ്ഞ ചാർജ്ജിൽ കേടുപാട് പോക്കികൊടുക്കുന്നതിനും തയാറുണ്ട്.

N. B:— പരസഹായം കൂടാതെ ഇംഗ്ലീഷ് ഭാഷ അഭ്യസിക്കുന്നതിന് ഒന്നുമുതൽ അഞ്ചുവരെ ഭാഗങ്ങളായ പുസ്തകങ്ങളും വിൽപ്പനയുണ്ട്. പുസ്തകം ഒന്നിന് ൧ ചക്രം. മൊത്തമായിട്ടെടുക്കുന്നവർക്ക് പ്രത്യേക കമ്മീഷനുണ്ട്. കൂടുതൽ അറിയേണ്ടവർ ആവശ്യപ്പെടുക.

ചക്കുപുരയ്ക്കൽ ഇട്ടിയവിരാ ജോസഫ്,
സോഡാഫാക്ടറി ചങ്ങനാശേരി.

പരസ്യം.

1. ആയുർവ്വേദചികിത്സയും പുറമെ ആയുർവ്വേദശാസ്ത്രോക്തങ്ങളായ അരിഷ്ടാസവങ്ങൾ, എണ്ണ, കുഴമ്പുകൾ, ഗുളികകൾ, കഷായചൂർ, പച്ചമർപ്പൂം തുടങ്ങിയമേൽമരുന്നുകൾ വിവിധങ്ങളായ അസ്ത്രിമരുന്നുകൾ, പാനോപ്പറ്റൻ, മെല്ലിൻസ് ഫുഡ് അടിയായ കൃത്രിമരുന്നുകൾ റബറിനുവേണ്ട അസറ്റിക് ആസിഡ് മുതലായവയും,

2. തകലിലും സ്റ്റീലിലുമുള്ള ട്രങ്കുകൾ, സൂട്ടുകേസുകൾ, സിമൻറ്. മുള്ളുകമ്പി, വ്യാകരിത്തരങ്ങൾ, നാഗത്തകിട്, ചായങ്ങൾ, വാണ്ണീഷുകൾ, കനിസ മുതലായ ഇരുമ്പുകട സാധാരണങ്ങളായ സാമാനങ്ങളും, 3. കർബാനക്കുപ്പായങ്ങൾ, പാലിക, കുരിശുമൊന്ത, മുത്തുകട മുതലായി ദേവാലയങ്ങൾക്കുംമറും പറ്റിയ വട്ടത്തരങ്ങൾ, ഫാൻസിതുണിത്തരങ്ങൾ, റേന്തകൾ, പീതകൾ, തൊങ്ങലുകൾ, വില്ലസ് ഇവയും 4. പലേഇനത്തിലും വലിപ്പത്തിലുമുള്ള ഒന്നാംതരം കുറികളും മൊത്തമായും ചില്ലറയായും സഹായവിലയ്ക്ക് സദാ [illegible] 5. മുക്കുപണ്ടങ്ങളും ഉപകരണങ്ങളും തയാറുണ്ട്

എന്ന്

വൈദ്യൻ കെ. ഐ. തോമ്മൻ, ചന്ത, ചങ്ങനാശേരി.

Printed and Published by *Rev. Fr. M. Alakalam* at the St. Joseph's Orphanage Press, Changanacherry.